# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 19, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--257]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 2571 മുതൽ 2672 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : 2673 മുതൽ 2732 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 2733 മുതൽ 2777 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : 2778 മുതൽ 2827 വരെ |

### ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉപരിപഠനം

2571. ശ്രീ.കെ.എൻ.എ.ഖാദർ

,, സി.മമ്മൂട്ടി

,, പി.ഉബൈദുള്ള

,, എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിനു ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയേക്കാൾ സംസ്ഥാനം മുന്നിലെത്താൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലക്കായി ഓരോ വർഷവും ചെലവിടുന്ന തുകയ്ക്ക് ആനുപാതികമായ വളർച്ച കൈവരിക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പ്രസ്തുത രംഗത്തെ നേട്ടം നിലനിർത്താനും പരമാവധിയിലെത്തിക്കാനുമായി ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രഗത്ഭൻമാരെ കൂടി ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉന്നത വിദ്യാഭ്യാസമേഖലയിലെ കർമ്മ പദ്ധതികൾ

2572. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസമേഖലയുടെ വളർച്ചയെ മുൻനിർത്തി നടപ്പ സാമ്പത്തിക വർഷം എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയുടെ വളർച്ചയ്ക്കായി പദ്ധതി വിഹിതത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2015-16 സാമ്പത്തിക വർഷം എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) നിലവിലുള്ള പുതിയ കോഴ്സുകളുടെ വികസനം, അധിക നൈപുണ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി എന്നിവ മുൻനിർത്തി നടപ്പ സാമ്പത്തിക വർഷം നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## എയ്ഡഡ് മേഖലയിൽ അനുവദിച്ച കോളേജുകൾ

2573. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എയ്ഡഡ് മേഖലയിൽ കോളേജുകൾ ഏതെല്ലാം തീയതികളിലാണ് അനുവദിച്ച് ഉത്തരവിറക്കിയത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജിലെല്ലാം കൂടി എത്ര അദ്ധ്യാപക അനദ്ധ്യാപക തസ്തികൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ടൂറിസം കോഴ്സുകൾ

2574. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കോഴ്സുകൾ നടത്തുന്ന സർക്കാർ/എയ്ഡഡ്/സ്വാശ്രയ കേളേജുകളിലായി ഓരോ കോഴ്സിലും എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുവെന്ന് ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനോ കൂടുതൽ കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

വിശദാംശം നൽകുമോ?

കോളേജ് അദ്ധ്യാപകരുടെ ശമ്പളം

2575. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അധ്യാപകരുടെ ശമ്പളം ഇപ്പോൾ ഡി.ഡി.ഒ മുഖേന നൽകുവാൻ തീരുമാനിച്ചത് വഴി അധ്യാപകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

റൂസയുടെ പദ്ധതികൾ

2576. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'റൂസ'യുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി എന്തെല്ലാമാണ്;

(ബി) റൂസയിലേക്ക് കേരളത്തിൽ നിന്ന് എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്?

സ്വയംഭരണ കോളേജുകൾ

2577. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്വയംഭരണ കോളേജുകളാണ് ആരംഭിച്ചതെന്നും ഇവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലായി എത്ര കുട്ടികളാണ് പഠിക്കുന്നത്;വിശദാംശം വെളിപ്പെടുത്താമോ ?

പുതുതായി ആരംഭിപ്പിച്ച കോളേജുകൾ

2578. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര കോളേജുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെന്നും അവ ഏതെല്ലാം ഇടങ്ങളിലായിരുന്നുവെന്നും വ്യക്തമാക്കാമോ;

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും</u>

2579. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും എതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ സർക്കാർ തലത്തിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ മേഖലയിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ</u>

2580. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലെ കോഴ്സുകൾക്ക് കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

<u>വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ</u>

2581. **ശ്രീ.മോൻസ് ജോസഫ്**

**,, റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>സർക്കാർ കോളേജുകൾ</u>

2582. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ എത്ര കോളേജുകൾ വീതം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചത്; എത്ര സ്ഥലങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു ; ഏതെല്ലാം ;

(ബി) ഓരോ കോളേജിലും എത്ര അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ അനുവദിച്ചുവെന്ന് വിശദമാക്കാമോ?

<u>സർക്കാർ കോളേജുകളിലെ പുതിയ കോഴ്സുകൾ</u>

2583. **ശ്രീ.സി.കെ.നാണു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ ഈ അധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നുണ്ടോ;

(ബി) മടപ്പള്ളി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനത്തിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെ നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>സർക്കാർ കോളേജുകളിലെ നിയമനം</u>

2584. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ചിട്ടുള്ള അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സിക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ പുതിയ തസ്തികകൾ</u>

2585. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയതസ്തിക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി കോളേജ്</u>

2586. ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി കോളേജ് നിലവിൽ പ്രവർത്തിക്കുന്ന പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ മുപ്പത് വർഷത്തേക്ക് കോളേജ് പ്രവർത്തിക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും സ്ഥലം എം.എൽ.എയും ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി യ്ക്ക് കെട്ടിടം നിർമ്മിച്ചില്ലെങ്കിൽ, യൂണിവേഴ്സിറ്റി അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അവിടെ തന്നെ സ്ഥലം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ക്യാമ്പസുകളിലെ ആഘോഷങ്ങൾ നിമിത്തമുണ്ടാകുന്ന അപകടങ്ങൾ</u>

2587. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസുകളിലെ ആഘോഷങ്ങൾ പലപ്പോഴും അപകടങ്ങൾക്ക് നിമിത്തമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

<u>വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ</u>

2588. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) സർക്കാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനായി ചെലവാക്കിയ തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) സർവ്വകലാശാലകളുടെ പാഠ്യപദ്ധതി നവീകരണത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) പ്രൊഫഷണൽ കോളേജുകളിലെ പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ എണ്ണ എത്രയാണെന്നും അവർക്കായി ഗ്രാന്റ് ഇനത്തിൽ എന്തു തുക ചെലവഴിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഇ) സർക്കാർ-സ്വകാര്യ-സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ കഴിഞ്ഞ അഞ്ചു വർഷത്തെ വിജയ ശതമാനം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കേരളാസ്റ്റേറ്റ്അസസ് മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ

2589. ശ്രീ.എ. പ്രദീപ്കുമാർ
,, എം. ഹംസ
,, ബാബു എം. പാലിശ്ശേരി
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് അസസ് മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (കെസാക്) രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(ബി) ഇതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) ഇതിന്റെ ഡയറക്ടർ തസ്തികയിലെ യോഗ്യതകൾ എന്തെല്ലാം ആണ്; ഇപ്പോൾ നിയമനം നൽകിയിട്ടുള്ള വ്യക്തികൾക്ക് നിശ്ചിതയോഗ്യതയുണ്ടോ;

(ഡി) കെസാകിന്റെ ചെയർമാൻ സ്ഥാനത്തേക്ക് നിയമനം നടത്തിയിട്ടുണ്ടോ; ചെയർമാൻ സ്ഥാനത്തേക്ക് സർക്കാർ നിർദ്ദേശിച്ച വ്യക്തിക്ക് ആയതിനായി നിഷ്കർഷിക്കപ്പെട്ട യോഗ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പാഠപുസ്തക അച്ചടി

2590. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തെ പാഠപുസ്തക അച്ചടി വൈകാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ അധ്യയന വർഷം എത്ര മാസം വൈകിയാണ് കുട്ടികൾക്ക് പഠനത്തിനായി പാഠപുസ്തകം ലഭിച്ചതെന്ന് അറിയിക്കാമോ?

## ഇടുക്കി ജില്ലയിലെ സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം

2591. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള എത്ര സർക്കാർ പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നു; സ്കൂളുകളുടെ പേര്, ഓരോ ക്ലാസിലും ഉള്ള ഡിവിഷനുകളുടെ എണ്ണം ഉടങ്ങിയവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഷിഫ്റ്റ് സമ്പ്രദായം തുടരുന്നത് സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഒരു പോലെ ബുദ്ധിമുട്ടാകുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരുന്നോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(ഡി) ഷിഫ്റ്റ് സമ്പ്രദായം അടുത്ത സ്കൂൾ വർഷം മുതൽ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

## അക്കാഡമിക് സിറ്റി

2592. **ശ്രീ.പി.സി വിഷ്ണുനാഥ്**

**,,** ടി.എൻ. പ്രതാപൻ

**,,** ഹൈബി ഈഡൻ

**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമിക് സിറ്റിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>പൊതുവിദ്യാഭ്യാസ മേഖല</u>

2593. ഡോ.ടി.എം.തോമസ് ഐസക്
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.കെ.നാരായണൻ
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖല തകർച്ച നേരിടുന്നുണ്ടോ; ഇതു സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുവിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; മുൻ വർഷത്തെ അപേക്ഷിച്ച് ഈ അദ്ധ്യയന വർഷം എത്ര കുട്ടികളാണ് ഒന്നാം ക്ലാസ്സിൽ കുറവ് വന്നിട്ടുള്ളത്;

(സി) സ്വകാര്യ, സ്വാശ്രയ,അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ അനുമതി നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനില്പിനെ ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുവരുന്ന അനധികൃത വിദ്യാലയങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഇത്തരം വിദ്യാലയങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട്; ഇത്തരം സ്ഥാപനങ്ങൾക്ക് പരീക്ഷ നടത്തുന്നതിന് വ്യവസ്ഥയുണ്ടോ; വ്യവസ്ഥ മറികടക്കുന്നതിന് സർക്കാർ ഇളവുകൾ നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പുതിയ അദ്ധ്യയന വർഷം ആരംഭിക്കാനിരിക്കെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഉച്ചഭക്ഷണ പദ്ധതിക്കുള്ള ഫണ്ട് വർദ്ധിപ്പിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുമോ; ഇതിനായി എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ?

<u>ഇ -ഗവേണൻസ്</u>

2594. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ആർ . സെൽവരാജ്
,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഇ- ഗവേണൻസ് നടപ്പിലാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>എസ്.സി.ഇ.ആർ.ടി.യുമായി ശ്രീ.പി.അബ്ദുൾ ജലീലിനുള്ള ബന്ധം</u>

2595. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിൽ നിന്നും 2015 ഡിസംബർ 31-ന് പുറത്താക്കിയ ശ്രീ. പി. അബ്ദുൾ ജലീലിന് സ്ഥാനം ഏറ്റെടുക്കുമ്പോൾ ഓപ്പൺ സ്കൂൾ സ്റ്റേററ് കോ-ഓർഡിനേറ്റർ ആകാൻ വേണ്ട യോഗ്യതകൾ ഉണ്ടായിരുന്നോ; എങ്കിൽ വേണ്ട യോഗ്യതകൾ എന്തെല്ലാം എന്നും ടിയാന് ഉണ്ടായിരുന്ന യോഗ്യതകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) ശ്രീ. പി. അബ്ദുൾ ജലീലിനെ പ്രസ്തുത തസ്തികയിൽ നിന്നും പുറത്താക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പൺ സ്കൂളുകളിൽ നിന്നു പുറത്താക്കിയശേഷം വകുപ്പിന്റെ ഗസ്റ്റ് ഹൗസിൽ ഓഫീസ്, പ്യൂൺ എന്നീ സൗകര്യങ്ങൾ ശ്രീ. പി. അബ്ദുൾ ജലീലിന് നൽകിയിരുന്നുവോ ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത സൗകര്യം എസ്.സി.ഇ.ആർ.ടി. നല്കിയത്; ഇതിനായി വാടക ലഭിച്ചുവെങ്കിൽ ആരാണ് നല്കിയത്; ഇവ വ്യക്തമാക്കുമോ;

(ഡി) പുറത്തായ ശേഷം ശ്രീ. അബ്ദുൾ ജലീൽ ഓപ്പൺ സ്കൂളിന്റെ എത്ര ഫയലുകൾ പരിശോധിച്ചുവെന്നും പ്രസ്തുത ഫയലുകളിന്മേൽ സ്വീകരിച്ച നടപടി എന്തായിരുന്നുവെന്നും അറിയിക്കുമോ; ശ്രീ. അബ്ദുൾ ജലീലിന് സമാന്തര ഓഫീസിൽ ഫയലുകൾ നല്കിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഏതു നിയമ വ്യവസ്ഥയിന്മേൽ ആരുടെ ഉത്തരവ് പ്രകാരം ഫയൽ നൽകി എന്നും വിശദമാക്കുമോ?

<u>എസ്.പി.സി. പദ്ധതി</u>

2596. ശ്രീ.ടി.എൻ. പ്രതാപൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി

സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ എസ്.പി. സി. പദ്ധതി നടപ്പാക്കുവാൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## എസ്.എസ്.എൽ.സി. പരീക്ഷാ ഫലപ്രഖ്യാപനത്തിലെ ക്രമക്കേടുകൾ

2597. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാഫലപ്രഖ്യാപനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കാൻ സമിതിയെ നിയോഗിച്ചിരുന്നുവോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആരൊക്കയാണ് കുറ്റക്കാർ; ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

2598. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കാമോ; സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ മറ്റുള്ളവ എന്നീ ക്രമത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് സർക്കാർ എയ്ഡഡ് സ്കൂളുകളെ ബാധിക്കാത്ത തരത്തിൽ ഇത്തരം സ്കൂളുകൾക്ക് അനുമതി നൽകിന്നതിന് നടപടി സ്വീകരിക്കുമോ?

## അൺ ഇക്കണോമിക് സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം

2599. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ ഇക്കണോമിക് വിഭാഗത്തിൽ ഉൾപ്പെടുത്തിയ എത്ര എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്നുണ്ട്; ഓരോ ജില്ലയിലും ഈ വിഭാഗത്തിൽ എത്ര അദ്ധ്യാപകരാണുള്ളത്;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 01.10.2011-ലെ G.O.(P)No.199/2011 ലും 10/05/2012-ലെ No.13402/J2/12 സർക്കുലറിലും നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അൺ ഇക്കണോമിക് സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;പ്രസ്തുത നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ?

## ശ്രീ. സി. വി. നരേന്ദ്രൻ നൽകിയ നിവേദനം

2600. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഇ.എം.എച്ച്.എസ്.എസ്. കാസർഗോഡ് ഹൈസ്കൂൾ അസിസ്റ്റൻറും വികലാംഗനുമായ ശ്രീ. സി. വി. നരേന്ദ്രനും മറ്റ് രണ്ട് പേരും ചേർന്ന് നൽകിയ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) വയനാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ചുമതലയുള്ള സി.എസ്.ഐ., കോർപ്പറേറ്റ് മാനേജർ, ശ്രീ. സി. വി. നരേന്ദ്രനെ ബൈ ട്രാൻഫർ വഴി എച്ച്.എസ്.എസ്.റ്റി. (പൊളിറ്റിക്കൽ സയൻസ്) ആയി പ്രമോട്ട് ചെയ്തിരുന്നത് കണ്ണൂരിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, സെലക്ഷൻ കമ്മിറ്റി റിപ്പോർട്ട് ഇല്ലാത്തതിനാൽ നിരസിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബൈ ട്രാൻഫർ പ്രമോഷനുവേണ്ടി ഒരു സെലക്ഷൻ കമ്മിറ്റി റിപ്പോർട്ട് വേണമെന്നകാര്യം ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടത്തിയ ബൈ ട്രാൻഫർ പ്രമോഷനുകളിൽ ഏതിലെല്ലാം സെലക്ഷൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് ;

(ഇ) സെലക്ഷൻ കമ്മിറ്റി റിപ്പോർട്ട് ആവശ്യമില്ലെങ്കിൽ ശ്രീ. സി. വി. നരേന്ദ്രൻ തുടങ്ങിയവരുടെ തടഞ്ഞുവച്ച ശമ്പളം നൽകുന്നതിനും, ബൈ ട്രാൻഫർ പ്രമോഷൻ റഗുലറൈസ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

## എൽ.പി./യു.പി. സ്കൂളുകളിലെ പുതിയ തസ്തികകൾ

2601. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 29/2016 സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ എൽ.പി./യു.പി. സ്കൂളുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടി

വരുമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ എൽ.പി./യു.പി. സ്കൂളുകളിൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ കേരള പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>എൽ.എസ്.എസ് / യു.എസ്.എസ്സ് സ്കോളർഷിപ്പ്</u>

2602. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്ന എൽ.എസ്.എസ് / യു.എസ്.എസ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എത്ര തുക വീതമാണ് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത സ്കോളർഷിപ്പുകൾക്ക് നൽകുന്ന തുച്ഛമായ തുക വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ?

<u>എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണം</u>

2603. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം നടന്ന എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ വിജയികളായവർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിലെ കാലതാമസം എന്തുകൊണ്ടാണ്; സ്കോളർഷിപ്പ് എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര രൂപയാണ് സ്കോളർഷിപ്പായി നൽകി വരുന്നതെന്ന് വിശദമാക്കാമോ; തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>വക്കം ഗവൺമെന്റ് എൽ.പി. എസ്.</u>

2604. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കുറവ് കാരണം പൂട്ടിക്കിടന്ന വക്കം ഗവൺമെന്റ് എൽ.പി. എസ്.ൽ കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ യു.ഐ.ടി സെന്റർ പ്രവർത്തിപ്പിക്കുവാൻ അനുവദിക്കണമെന്ന അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന്

വിശദമാക്കാമോ?

(ബി) എത്രയും പെട്ടെന്ന് പ്രസ്തുത ഫയലിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പ്ലസ് വൺ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ</u>

2605. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ 2015-2016 വർഷം ഹയർ സെക്കണ്ടറിയ്ക്ക് ആകെ അംഗീകരിച്ചിരുന്ന മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ എത്ര ശതമാനമായിരുന്നു; ആകെ എത്ര എണ്ണം വരുമെന്നു പറയാമോ;

(ബി) ഓരോ ബ്രാഞ്ചുകൾക്കും ആകെ അനുവദിക്കുന്ന സീറ്റുകളുടെ എത്ര ശതമാനമാണ് മാനേജ്മെൻറ് ക്വാട്ടയിൽ അനുവദിക്കുന്നതെന്ന് പറയാമോ;

(സി) ചേർത്തല താലൂക്കിലുള്ള വിവിധ എയ്ഡഡ് സ്കൂളുകളിൽ സയൻസ് ഗ്രൂപ്പുകൾക്ക് ആകെ എത്ര സീറ്റുകളുണ്ടായിരുന്നു; ഇതിൽ എത്ര എണ്ണമാണ് മാനേജ്മെൻറ് ക്വാട്ടയായി അനുവദിച്ചിരുന്നതെന്നും പറയാമോ;

(ഡി) പ്രസ്തുത താലൂക്കിലെ എയ്ഡഡ് സ്കൂളുകളിലെ സയൻസ്, കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ് ബാച്ചുകളിൽ എല്ലാ സീറ്റുകളിലും അഡ്മിഷൻ നൽകിയിരുന്നോ എന്നു വ്യക്തമാക്കാമോ; ഏതെങ്കിലും സ്കൂളുകളിൽ ജനറൽ സീറ്റുകളിൽ അഡ്മിഷൻ നൽകാതെ മാനേജ്മെൻറ് ക്വാട്ടയിൽ നിർബന്ധിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ വ്യക്തമാക്കുമോ;

(ഇ) അടുത്ത വർഷം മാനേജ്മെൻറ് ക്വാട്ടയിൽ വാങ്ങാവുന്ന തുക സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇറക്കിയിട്ടുള്ളത്;ആകെ എത്ര സീറ്റുകളിലാണ് പ്രസ്തുത ക്വാട്ടയിൽ അഡ്മിഷൻ നൽകാൻ ഉദ്ദേശിക്കുന്നത്;

(എഫ്) സർക്കാർ നിർദ്ദേശവും വ്യവസ്ഥകളും മറികടന്ന് അമിത തുക വാങ്ങി പ്ലസ് വൺ അഡ്മിഷൻ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും പരാതികൾ ഈ സർക്കാർ കാലയളവിൽ ലഭിച്ചിട്ടുണ്ടോ ?

<u>അസാപ് പദ്ധതി</u>

2606. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ വഴി എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര പേർ പരിശീലനം നേടുന്നുണ്ടെന്നും പരിശീലന കേന്ദ്രം അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഹയർ സെക്കന്ററി അഡ്മിഷൻ

2607. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പാസ്സായ പല കുട്ടികൾക്കും ഹയർ സെക്കന്ററിയിൽ ഇഷ്ടപ്പെട്ട വിഷയം ലഭിക്കാതെ വരുന്നുണ്ടെന്നും മെച്ചപ്പെട്ട മാർക്കുള്ളവർക്കും എയ്ഡഡ് സ്കൂളുകളിൽ പണം നൽകി മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളൂവെന്നുമുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എല്ലാ കുട്ടികൾക്കും ഇഷ്ടവിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കാവുന്ന സാഹചര്യം സൃഷ്ടിക്കുമോ;

(ബി) ഹയർ സെക്കന്ററി അഡ്മിഷന് എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക എത്രയാണെന്ന് പറയാമോ ; എല്ലാ വിഷയങ്ങൾക്കും ഒരേ തുക ഈടാക്കുന്നതിനാണോ അനുമതി നൽകിയിരിക്കുന്നത് എന്ന് പറയാമോ;

(സി) മെറിറ്റ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ മാനേജ്മെൻറ് ക്വാട്ടയിൽ അഡ്മിഷൻ നൽകുന്നതിന് അപേക്ഷകൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നിയമനം

2608. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ ജീവനക്കാരെ 2013 നവംബർ 18-ന് പിരിച്ചു വിട്ടശേഷം 22.11.13-ലെ അറിയിപ്പ് പ്രകാരം എത്രപേരെ നിയമിച്ചു; ഇവരുടെ പേര്, തസ്തിക, യോഗ്യത സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ബി) ഈ നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; സംവരണ വിഭാഗത്തിൽപ്പെടുന്ന എത്ര പേരുണ്ട്; അവരുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിൽ നേരത്തേ ഓപ്പൺ സ്കൂളിൽ സേവത്തിൽ ഇല്ലാതിരുന്ന എത്ര പേരുണ്ട്; അവരുടെ പേരും തസ്തികയും യോഗ്യതയും അറിയിക്കാമോ;

(സി) അപേക്ഷ ക്ഷണിക്കാത്ത തസ്തികകളിലേക്കും 22.11.13-ന് നിയമനം നടത്തുകയുണ്ടായോ; ഇതു സംബന്ധിച്ച വിശദാംശം നൽകാമോ; എത്ര തസ്തികകളിൽ എത്ര പേരെ നിയമിച്ചു;

(ഡി) മേൽപറഞ്ഞ നിയമനങ്ങൾക്ക് പരീക്ഷയും അഭിമുഖവും നടത്തിയിരുന്നോ;

(ഇ) ഹൈക്കോടതിയുടെ W.P.(C) No. 27145/13-ാം നമ്പർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായാണോ ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്;

(എഫ്) ദിവസകൂലിക്ക് നിയമിക്കുന്നവർക്ക് ഈ നിയമനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരം നിയമനത്തിന് അർഹതയുണ്ടായിരിക്കില്ലെന്ന് ഹൈക്കോടതി ഉത്തരവിൽ വ്യവസ്ഥയുണ്ടായിരുന്നോ;

(ജി) ഇങ്ങനെ നിയമിക്കപ്പെട്ടവരെ സ്കോൾ കേരളയിൽ സ്ഥിരം ജീവനക്കാരായി അബ്സോർബ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ദേശീയ വിദ്യാഭ്യാസ നയം

2609. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അനധികൃത വിദ്യാലയങ്ങളെ നിർത്തലാക്കുന്നതിനും ആവശ്യത്തിനു വിദ്യാലയങ്ങളില്ലാത്തിടത്ത് വിദ്യാലയങ്ങൾ അനുവദിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## എച്ച്. എസ്. എസ്. ടി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ഒഴിവുകൾ

2610. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്. എസ്. എസ്. ടി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതൊക്കെ സ്കൂളുകളിലാണ് ഒഴിവുകളെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കാമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

## എച്ച്.എസ്.എ ബൈ ട്രാൻസ്ഫർ നിയമനം

2611. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ്) തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ മുഖേനയുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഈ വിഭാഗത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷം നാളിതുവരെ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ മുഖേനയുള്ള എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ എത്രയുംവേഗം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് റാങ്ക് പട്ടിക</u>

2612. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>എച്ച്.എസ്.എസ്.ടി.-കോമേഴ്സ് (ജൂനിയർ) തസ്തിക</u>

2613. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എച്ച്.എസ്.എസ്.ടി.-കോമേഴ്സ് (ജൂനിയർ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ പി.എസ്.സി. മുഖേന നികത്തേണ്ടുന്നതും പ്രമോഷൻ വഴി നികത്തേണ്ടതുമായ ഒഴിവുകൾ എത്രയെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(ഡി) എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുഴുവൻ ചെയ്തിട്ടില്ലെങ്കിൽ കാരണവും വിശദമാക്കാമോ;

(ഇ) പ്രമോഷൻ നൽകേണ്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(എഫ്) പ്രമോഷൻ ക്വാട്ടയിലെ ഒഴിവുകളും പി.എസ്.സി. വഴി നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>എച്ച്.എസ്സ്.എസ്സ്.റ്റി ഇക്കണോമിക്സ് ജൂനിയർ തസ്തിക</u>

2614. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്സ്.എസ്സ്.റ്റി ഇക്കണോമിക്സ് ജൂനിയർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) അഡ്വൈസ് മെമ്മോ നൽകിയവർക്കെല്ലാം നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഡി) ലിസ്റ്റിൽ നിന്നും ഏതു റാങ്കുവരെയുള്ളവർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(ഇ) നിയമനം വൈകുന്നതായി പരാതി ലഭ്യമായിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>രാഗാസ്</u>

2615. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ അക്കാദമിക-ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തയ്യാറാക്കി സമർപ്പിച്ച രാഗാസ് (റീജിയണൽ അക്കാദമിക് ഓഗമെൻേറഷൻ ഓഫ് ഗവൺമെൻറ് ആൻറ് എയ്ഡഡ് സ്കൂൾസ്)പദ്ധതിക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>വോക്ക് വിത്ത് എ സ്കോളർ</u>

2616. **ശ്രീ.എം.എ. വാഹീദ്**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, വർക്കല കഹാർ**
**,, കെ.ശിവദാസൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വോക്ക് വിത്ത് എ സ്കോളർ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങൾ

2617. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങളിൽ 2011 ജൂൺ മുതൽ നിയമനാംഗീകാരവും ശമ്പളവും ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് 2010-11 ൽ നിലവിലുള്ള തസ്തികകളിൽ തുടർന്നുണ്ടാകുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുമെന്ന് 2011 -ലെ അദ്ധ്യാപക പാക്കേജിൽ (ജി.ഒ,. (പി.)നം.. 199/2011 പൊ.വി.വ.തീയതി 01.10.2011) പ്രഖ്യാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(സി) അദ്ധ്യാപക പാക്കേജിന് ക്ളാരിഫിക്കേഷൻ ആയി പുറപ്പെടുവിച്ച 10.05.2012 -ലെ 13402/J2/12/പൊ.വി.വ സർക്കുലർ പ്രകാരം അൺ ഇക്കണോമിക് സ്കൂളുകളിൽ ഒരു ക്ലാസിന് ഒരദ്ധ്യാപകൻ (ഹെഡ് മാസ്റ്റർ ഉൾപ്പെടെ) എന്ന നിലയിൽ നിയമനാംഗീകാരം നൽകാമെന്ന് സൂചിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) 2011 മുതൽ 2015-16 അദ്ധ്യയന വർഷം വരെ അൺ ഇക്കണോമിക് സ്കൂളുകളിൽ ജോലിയിൽ പ്രവേശിച്ച മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

## എയ്ഡഡ് കോഴ്സുകളിലെ സ്റ്റാഫ് പാറ്റേൺ

2618. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.09.2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജുകളിൽ 1987-ന് ശേഷം അനുവദിച്ച എയ്ഡഡ് കോഴ്സുകൾ അംഗീകരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; അധ്യാപക തസ്തികയ്ക്ക് ആനുപാതികമായി അനധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ കുറവുമൂലം എയ്ഡഡ് കോളേജുകളിലെ പരീക്ഷാ ജോലികൾക്കും ശുചീകരണ പ്രവർത്തനമടക്കമുള്ളവയ്ക്കും പ്രയാസം നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എയ്ഡഡ് കോളേജ് ജീവനക്കാർക്ക് പി.എഫ്. ലോൺ അനുവദിക്കുന്നതിന് നിരോധനമുണ്ടോ;

(ഇ) എങ്കിൽ ആയത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>സൈബർ കുറ്റകൃത്യങ്ങൾക്കും ലൈംഗിക ചൂഷണത്തിനും വിധേയരാകുന്ന വിദ്യാർത്ഥികൾ</u>

2619. ശ്രീ.കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരായ വിദ്യാർത്ഥികൾ സൈബർ കുറ്റകൃത്യങ്ങളിലും ലൈംഗിക ചൂഷണത്തിലുമകപ്പെട്ടു പോകുന്നതിനെ പ്രതിരോധിക്കുവാൻ വകുപ്പ് സ്വീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പരാതി സുരക്ഷിതമായി സമർപ്പിക്കുവാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ</u>

2620. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, പി.ബി. അബ്ദുൾ റസാക്
,, എം.ഉമ്മർ
,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിലെ സ്വകാര്യ വിദ്യാലയങ്ങളിൽ ഒരു വിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങളും, സുരക്ഷാമാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്കൂളുകൾക്ക് നല്കിയിട്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കാനും ഭാവിയിൽ തിരികെ നല്കാതിരിക്കാനും തീരുമാനമുണ്ടോ;

(സി) സർക്കാർ സ്കൂളുകൾക്ക് വിവിധ പദ്ധതികളിലായി ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാനും അതിലൂടെ ഈ വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുവാനും അദ്ധ്യാപകരുടെയും പി.റ്റി.എ കളുടെയും

സഹകരണത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>സ്കൂൾ - കോളേജ് ലൈബ്രറികൾക്ക് ജീവചരിത്ര പുസ്തകങ്ങൾ</u>

2621. ശ്രീ.സി.പി.മുഹമ്മദ്

,, പി.സി വിഷ്ണുനാഥ്

,, സണ്ണി ജോസഫ്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെയും കോളേജുകളിലെയും ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ഒരു പൊതുമാനദണ്ഡം ആവിഷ്കരിക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം സ്കൂളുകളിലെയും കോളേജുകളിലെയും ലൈബ്രറികളുടെ ചുമതലയുള്ളവർ, ഡി.പി.ഐ, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ തുടങ്ങിയവർ സർക്കുലർ വഴി നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ പോലും വാങ്ങാതെ തങ്ങൾക്ക് അഭിരുചിയുള്ളവ സ്വകാര്യ പ്രസാധകരിൽ നിന്നുമാത്രം വാങ്ങിവരുന്നതിനെക്കുറിച്ച് അന്വേഷണം നടത്തുമോ; ഇത് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിയ്ക്കുമോ;

(സി) കേരളത്തിലെ സാംസ്കാരിക സാമൂഹ്യ മണ്ഡലങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന പനമ്പിള്ളി ഗോവിന്ദ മേനോൻ, സി. അച്യുതമേനോൻ, ഇ.എം.എസ്., ആർ. ശങ്കർ, സീതിസാഹിബ്, കെ. മാധവൻ നായർ ഇവരെക്കുറിച്ചുള്ള ജീവചരിത്ര പുസ്തകങ്ങൾ സ്കൂൾ - കോളേജ് ലൈബ്രറികൾ വാങ്ങുവാനും അവ വിദ്യാർത്ഥികൾക്കെത്തിക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

<u>സ്കോൾ കേരള</u>

2622. ശ്രീ.എസ്.ശർമ്മ

,, എം.ചന്ദ്രൻ

,, ബാബു എം. പാലിശ്ശേരി

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺസ്കൂൾ പുന:സംഘടിപ്പിച്ച് രൂപീകരിച്ച സ്കോൾ കേരളയിൽ പുതിയ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എത്ര തസ്തികകളിലേക്കാണ് നിയമനം നടത്തുന്നത്; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്ന തസ്തിക ഓരോന്നിനും നിശ്ചയിച്ച

യോഗ്യതകൾ എന്തെല്ലാമാണ്; തസ്തിക അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) മുൻസർക്കാർ നിയമനത്തിന് യോഗ്യത നിശ്ചയിച്ച് പൊതു നിയമന പ്രക്രിയയിലൂടെ റാങ്ക്ലിസ്റ്റ് തയ്യാറാക്കിയ നടപടി ഹൈക്കോടതി അംഗീകരിച്ചിരുന്നുവോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരെ പിന്നീട് പിരിച്ചുവിടുകയുണ്ടായോ; എത്ര പേരെയാണ് പിരിച്ചുവിട്ടത്; ഇതിൽ എത്രപേരെ തിരിച്ചെടുത്തു; ശേഷിക്കുന്നവർ എത്ര; ഇവരെ തിരിച്ചെടുക്കാമെന്ന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കപ്പെടാത്തതെന്തുകൊണ്ടെന്നറിയിക്കുമോ; ഇതു സംബന്ധിച്ച് നടക്കുന്ന തുടർ പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പരിചയസമ്പരായ ഉദ്യോഗസ്ഥരെ പിരിച്ചു വിട്ട് യോഗ്യതയും മാനദണ്ഡങ്ങളും പാലിക്കാതെ നിയമനം നടത്തിയിട്ടുണ്ടോ; പുതുതായി എത്രപേരെയാണ് നിയമിച്ചത്;ഈ നിയമനങ്ങൾക്ക് എഴുത്ത് പരീക്ഷയോ അഭിമുഖമോ നടത്തുകയുണ്ടായോ; പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(ഇ) ഈ നിയമനങ്ങളിൽ വ്യാപകമായി ക്രമക്കേടും അഴിമതിയും നടന്നതായി ആരോപണമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെല്ലാം തലത്തിലുള്ള അന്വേഷണങ്ങളാണ് നടക്കുന്നത്; കേസുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ കേസുകളിൽ പ്രതിചേർക്കപ്പെട്ടവർ ആരെല്ലാം; വിശദമാക്കാമോ;

(എഫ്) സ്കോൾ കേരളയുടെ ആസ്ഥാനം മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

## സർവ്വ ശിക്ഷ അഭിയാൻ ഫണ്ട് വിനിയോഗം

2623. ശ്രീ.എം.എ.ബേബി
,, റ്റി.വി.രാജേഷ്
,, കെ. ദാസൻ
,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ ഫണ്ട് ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 5 വർഷമായി അനുവദിച്ച എസ്.എസ്.എ ഫണ്ട് സംബന്ധിച്ച് വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കേന്ദ്രം അനുവദിച്ച ഫണ്ട് യഥാസമയം ചെലവഴിക്കാനാകാതെ ലാപ്സായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായ എസ്.എസ്.എ ഫണ്ടിന്റെ കണക്ക് ലഭ്യമാക്കാമോ?

<u>ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി</u>

2624. **ശ്രീ.കെ.മുരളീധരൻ**
**,,** പി.എ.മാധവൻ
**,,** ലൂഡി ലൂയിസ്
**,,** വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

<u>സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

2625. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി തലസ്ഥാനത്ത് സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂമി തിരിച്ചെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ?

<u>സംസ്ഥാന സ്കൂൾ യുവജനോൽസവം</u>

2626. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ യുവജനോൽസവം സംഘടിപ്പിക്കുന്നതിന് കഴിഞ്ഞവർഷത്തെക്കാൾ എത്ര തുക അധികരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>കോട്ടയം ജില്ലയിലെ എൽ. പി. സ്കൂൾ അദ്ധ്യാപകരുടെ **(**മലയാളം മീഡിയം**)** ഒഴിവുകൾ</u>

2627. **ശ്രീ.സി.മോയിൻ കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എൽ. പി. സ്കൂൾ അദ്ധ്യാപകരുടെ (മലയാളം മീഡിയം) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ നിലവിൽ ഉണ്ടെന്നറിയിച്ചിട്ടുള്ള ഒഴിവുകൾ എത്രയും പെട്ടെന്ന് റിപ്പോർട്ടു ചെയ്യാൻ നിർദ്ദേശം നൽകുമോ?

<u>കോട്ടയം ജില്ലയിലെ എച്ച്. എസ്. എ റാങ്ക് ലിസ്റ്റ്</u>

2628. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എച്ച്. എസ്. എ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനം നടത്തി എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും വേക്കൻസി ജില്ലാ പി.എസ്.സി ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഏതൊക്കെ എ.ഇ.ഒ കളിലാണ് മാത്സ് എച്ച്. എസ്. എ വേക്കൻസികൾ നിലവിലുള്ളത്; എ. ഇ. ഒ കളുടെ പേരും എത്ര വേക്കൻസികൾ വീതം ഉണ്ടെന്ന കണക്കും വ്യക്തമാക്കാമോ; ഇവ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

2629. **ശ്രീ.ഇ.പി.ജയരാജൻ**
**,,** കെ.കുഞ്ഞമ്മത് മാസ്റ്റർ
**,,** കെ.സുരേഷ് കുറുപ്പ്
**ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനിടയാക്കിയ സാഹചര്യമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉച്ചഭക്ഷണത്തിന് അനുവദിക്കുന്ന ഫണ്ട് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഉച്ചഭക്ഷണത്തിന് അനുവദിച്ച ആളോഹരി വിഹിതമെത്രയാണ്; പ്രസ്തുത തുക എത്ര വർഷമായി വർദ്ധനവില്ലാതെ നിലനിൽക്കുന്നു;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന പ്രധാനാദ്ധ്യാപകർ അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്ന് കടക്കെണിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉച്ചഭക്ഷണ വിതരണം സ്തംഭിക്കുന്നതിനും അദ്ധ്യാപകരെ പ്രക്ഷോഭത്തിലേക്ക് തള്ളിവിടുന്നതിനും ഇത് കാരണമായിട്ടുള്ളത് അറിയാമോ;

(ഡി) സ്കൂളുകളിൽ വിതരണം ചെയ്യേണ്ട മറ്റ് പോഷകാഹാരങ്ങൾ ഏതെല്ലാമാണ്; ഇതിന് പ്രത്യേകം ഫണ്ട് അനുവദിക്കുന്നുണ്ടോ; ഇത് മുടക്കം കൂടാതെ നൽകുന്നുണ്ടോ;

(ഇ) ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങളോ റിപ്പോർട്ടുകളോ പരിഗണനയിലുണ്ടോ; ഇതിൽ തീരുമാനം കൈക്കൊള്ളാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ?

## കൊല്ലം ജില്ലയിലെ ഒന്നാം ഘട്ട അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട അധ്യപകരുടെ നിയമനം

2630. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഒന്നാം ഘട്ട അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട എത്ര അധ്യപകർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ 216-മതായി ഉൾപ്പെട്ട ശ്രീ. ബി. സുരേഷ് കുമാറിന് 15.06.2013-ലെ സർക്കാർ ഉത്തരവ് നമ്പർ 2462/2013/പെ.വി.വ നമ്പർ പ്രകാരം നിയമനം നല്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇദ്ദേഹത്തിന് കൊല്ലം, പുത്തൂർ ഗവൺമെന്റ് സ്കൂളിൽ നിലവിലുള്ള ഹിന്ദി ഭാഷാ ടീച്ചറുടെ താല്ക്കാലിക ഒഴിവിൽ പി.ടി.എ. -യുടെയും എച്ച്.എം. -ന്റെയും മുൻ ശിപാർശ പ്രകാരം നിയമനം നല്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് പ്രകാരം നാളിതുവരെ നിയമനം ലഭിക്കാത്തതിനാൽ രണ്ടരവർഷത്തെ ആനുകൂല്യങ്ങളും സീനിയോരിറ്റിയും ഇദ്ദേഹത്തിന് നഷ്ടപ്പെടുന്നത് ഗൗരവമായി എടുക്കുമോ?

## ഫ്ളെയർ പദ്ധതി

2631. **ശ്രീ.**തേറമ്പിൽ രാമകൃഷ്ണൻ

,, ടി.എൻ. പ്രതാപൻ

,, സി.പി.മുഹമ്മദ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക</u>

2632. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി-എസ്.ടി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; നിലവിൽ നൽകുന്ന തുകയുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഒഇസി വിഭാഗങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ</u>

2633. **ശ്രീമതി.ഇ.എസ്.ബിജിമോൾ**

,, ഗീതാ ഗോപി

**ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സൗഹൃദ ശൗചാലയങ്ങളും കുടിവെള്ള സൗകര്യവും ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ സംസ്ഥാനത്തുണ്ടോ, എങ്കിൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ ഉൾപ്പെടെ ഓരോ വിഭാഗത്തിലും എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം സ്കൂളുകൾക്കു വേണ്ടി എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>പാഠപുസ്തക അച്ചടി</u>

2634. ശ്രീ.വി.ശിവൻകുട്ടി
,, റ്റി.വി.രാജേഷ്
,, ആർ. രാജേഷ്
ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പാഠപുസ്തകങ്ങളുടെ പകർപ്പ് യഥാസമയം തയ്യാറാക്കി നൽകുവാൻ എസ്.സി.ഇ.ആർ.ടി. ക്ക് കഴിഞ്ഞിട്ടുണ്ടോ; അച്ചടിക്കാനുള്ള മുഴുവൻ പാഠപുസ്തകങ്ങളുടെയും പകർപ്പ് അച്ചടിക്കായി കൈമാറിയിട്ടുണ്ടോ; ആയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പാഠപുസ്തക അച്ചടി ഏതെല്ലാം ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) പാഠപുസ്തക അച്ചടിക്ക് പണം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന് അയച്ച ഫയലുകളിൽ തീരുമാനം വൈകുന്നതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) അടുത്ത അദ്ധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ മുൻകൂട്ടി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>പാഠപുസ്തക അച്ചടി</u>

2635. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷം ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളുടെ 43 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏല്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അച്ചടി നടത്താൻ സാങ്കേതിക സംവിധാനമില്ലാത്ത സി-ആപ്റ്റ് ഇതു മറച്ച് വച്ച് പുറം കരാർ നൽകിയോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് പുറം കരാർ ആർക്കാണ് നൽകിയത്; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എന്ത് തുകയുടെ നഷ്ടം സംഭവിച്ചു;

(ഡി) ടെണ്ടർ നടപടികളിൽ എന്തൊക്കെ ക്രമക്കേടുകളാണ് സി-ആപ്റ്റ് നടത്തിയത് എന്നാണ് ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നു എന്നും ക്രമക്കേട് നടത്തിയ ഇദ്ദേഹത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു. എന്നും അറിയിക്കുമോ ; ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ

സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

<u>അദ്ധ്യാപക തസ്തിക നിർണ്ണയവും സംരക്ഷണവും</u>

2636. ശ്രീ.സാജു പോൾ
,, എം. ഹംസ
ഡോ.കെ.ടി.ജലീൽ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ അദ്ധ്യാപക തസ്തിക നിർണ്ണയവും സംരക്ഷണവും സംബന്ധിച്ച് സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതു പ്രകാരം എൽ.പി., യു.പി, എച്ച്.എസ്. കളിൽ ഏത് അനുപാതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) സർക്കാർ സ്കൂളുകളിൽ ഏത് അനുപാതമാണ് ഉത്തരവിൽ പറഞ്ഞിട്ടുള്ളത്;

(ഡി) ഇതനുസരിച്ച് സർക്കാർ സ്കൂളുകളിൽ പുതുതായി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടും എന്നറിയിക്കാമോ;

(ഇ) എയ്ഡഡ് സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടും എന്ന് അറിയിക്കാമോ;

(എഫ്) നിലവിൽ സർക്കാർ മേഖലയിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണുള്ളത്?

<u>സ്കൂൾ തലത്തിൽ ബോധവൽക്കരണം</u>

2637. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ പോലുള്ള മാരക രോഗങ്ങളെ പ്രതിരോധിക്കാനും, ബോധവൽക്കരണം നടത്തുവാനും സ്കൂൾ തലത്തിൽ എന്തൊക്കെ നടപടികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ സ്കൂൾ തലത്തിൽ ബോധവൽക്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>വെള്ളനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ ബ്ലോക്ക് നിർമ്മാണം</u>

2638. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന് പുതിയ ബ്ലോക്ക് നിർമ്മിക്കുമെന്ന 2015-16-ലെ ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതിനായി ബജറ്റിൽ വകയിരുത്തിയ തുകയെത്രയായിരുന്നു; ഇതിൽ ഇതിനകം പിൻവലിച്ച തുകയെത്രയെന്ന് അറിയിക്കാമോ?

<u>കോഴിക്കോട് ജില്ലയിലെ എൽ.പി/ യു.പി അസിസ്റ്റൻറ്</u>

2639. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എൽ.പി/ യു.പി അസിസ്റ്റൻറ് തസ്തികയിലേക്ക് പി.എസ്.സി അഡ്വൈസ്സ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മൂന്ന് മാസം കഴിഞ്ഞിട്ടും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പല സർക്കാർ സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാതിരിക്കെ പി.എസ്.സി അഡ്വൈസ് ചെയ്യുന്നവർക്ക് കൃത്യ സമയത്ത് നിയമനം നൽകാത്തത് ഗൗരവമായി കാണുമോ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എന്ന് നിയമനം നൽകാനാകുമെന്നു വ്യക്തമാക്കുമോ;

<u>മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ</u>

2640. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുന്നം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, ഇറവങ്കര വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ വികസന പദ്ധതികൾ</u>

2641. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക ,ചിലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഗവൺമെന്റ് ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ</u>

2642. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 02.01.2010-ലെ സ.ഉ. (കൈയ്യെഴുത്ത്) 2/2010 /പൊ.വി. ഉത്തരവു പ്രകാരം സംസ്ഥാനത്തെ എത്ര പഞ്ചായത്ത് സ്കൂളുകളാണ് ഗവൺമെന്റ് ഏറ്റെടുത്തത്;

(ബി) പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം പി.എസ്.സി. മുഖേനയല്ലാതെ അദ്ധ്യാപക നിയമനം ലഭിച്ചവരുടെ കോമൺ പൂൾ രൂപീകരിക്കുകയുണ്ടായോ;

(സി) പ്രസ്തുത കോമൺ പൂളിലെ സീനിയോറിറ്റി പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ഹെഡ് മാസ്റ്റർമാരുടെ ശമ്പള സ്കെയിൽ, പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് തുടങ്ങിയ കാര്യങ്ങളിൽ ഇനിയും വ്യക്തമായ ഉത്തരവുകളുണ്ടായിട്ടില്ല എന്നതിനാൽ ഈ വിഭാഗത്തിലെ അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രശ്നത്തിനുള്ള പരിഹാര നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) പഞ്ചായത്ത് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്ക് ഗസറ്റഡ് പദവി നൽകുന്നതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക നിയമനം</u>

2643. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16അദ്ധ്യായന വർഷം വരെയുള്ള കാലയളവിൽ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ ഒഴിവുകളിൽ

നിയമിക്കപ്പെട്ടവർക്ക് എൽ.പി.യിൽ 1:30ഉം യു.പി.യിൽ 1:35ഉം ഹൈസ്കൂളിൽ 1:45ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമാണെങ്കിൽ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാമെന്ന ഉത്തരവിലൂടെ സർക്കാർ സ്കൂളുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുണ്ടായിരുന്ന പല എൽ.പി., യു.പി., എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകളിൽ നിന്നും സ്റ്റാഫ് ഫിക്സേഷന്റെ പേരിലും കോടതിയിൽ കേസുള്ളതിനാലും നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ ഇപ്പോൾ സർക്കാർ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപക നിയമനം നടത്തുന്നതിനും അതുവഴി റാങ്ക് ലിസ്റ്റിലുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>അനാദായകരമായ സ്കൂളുകളിലെ അദ്ധ്യാപകനിയമനം</u>

2644. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011- 12 മുതൽ 2015-16 അധ്യയന വർഷം വരെ അനാദായകരമായ സ്കൂളുകളിലെ എത്ര നിയമനങ്ങൾ അംഗീകരിക്കാനുണ്ട്;ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രൈമറി സ്കൂളുകളിൽ ഒരു ക്ലാസ്സിൽ ഒരു അദ്ധ്യാപകൻ എന്ന കെ.ഇ.ആർ. ചട്ടം നിലനിൽക്കെയും റിട്ടയർമെന്റ്, പ്രൊമോഷൻ, മരണം, രാജി എന്നിവ മൂലമുണ്ടായ ഒഴിവുകളിൽ നിയമനം നല്കാമെന്നിരിക്കെയും അനാദയകരമായ സ്കൂളുകളിലെ ഇത്തരത്തിലുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുമോ;

(സി) നൂറുവർഷത്തിലേറെ പഴക്കമുള്ള സ്കൂളുകളിൽ ഒരു വരുമാനവുമില്ലാതെ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ കാലയളവിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം</u>

2645. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച സർക്കാർ നയമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

2646. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പ്രാവർത്തികമാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഈ ആവശ്യത്തിലേക്കായി എത്ര ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സ്കൂളുകളിലെ മലയാള ഭാഷാ പഠനം

2647. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ വിദ്യാലയങ്ങളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.സി. സ്കൂളുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായുള്ള പാഠ്യപദ്ധതി

T 2648. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാണോ; അതിൽ സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്നതും അല്ലാത്തതുമായവരുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അനുയോജ്യമായ വിദ്യാഭ്യാസ

സാഹചര്യങ്ങളും അവസരങ്ങളും നൽകുന്നതിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠ്യപദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം</u>

2649. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ തസ്തിക നിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സർക്കാർ ഒടുവിൽ പുറപ്പെടുവിച്ച ഉത്തരവ് (ജി.ഒ .29/16) പ്രകാരം തസ്തിക നിർണ്ണയത്തിന് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖ വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് പുതുക്കിയ അധ്യാപക-വിദ്യാർത്ഥി അനുപാതം സർക്കാർ സ്കൂളിൽ ബാധകമാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം വിശദമാക്കാമോ;

(സി) പുതിയ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന അനുപാതം നിലവിലുള്ള ഘടനയിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്തരവ് നിലവിലെ സാഹചര്യത്തിൽ നടപ്പിലാക്കുന്നതിന് കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പാഠപുസ്തകങ്ങളുടെ അച്ചടി</u>

2650. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 2017 അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്;

(സി) പാഠപുസ്തക അച്ചടിയിൽ കഴിഞ്ഞ അധ്യയന വർഷങ്ങളിലുണ്ടായ പ്രതിസന്ധികൾ പരിഹരിച്ച് പുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്തു സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

## പൊതുവിദ്യാഭ്യാസ നിലവാരം

2651. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം കുറഞ്ഞു വരികയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്താണെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ഹയർസെക്കന്ററി സ്കൂളുകളിലെ അനധ്യാപക തസ്തികകൾ

2652. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ അനധ്യാപക തസ്തികകൾ ഇല്ലാത്തതിനാൽ ഓഫീസിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പരിശോധിക്കുമോ;

(ബി) ഹയർസെക്കന്ററി സ്കൂളുകളിൽ ക്ലർക്ക്, പ്യൂൺ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## പാഠപുസ്തകങ്ങളുടെ അച്ചടി

2653. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**,, പി.ശ്രീരാമകൃഷ്ണൻ**
**,, ജെയിംസ് മാത്യു**
**,, ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള ഏതെല്ലാം പാഠപുസ്തകങ്ങളാണ് മാറുന്നത്; ഇവ അച്ചടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) അടുത്ത വർഷത്തേക്ക് ആകെ എത്ര പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്; കഴിഞ്ഞ വർഷം അച്ചടിച്ചതിൽ എത്ര പാഠപുസ്തകങ്ങൾ

അധികമായിട്ടുണ്ടാകുമെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയിലുണ്ടായ അപാകതകളും ക്രമക്കേടുകളും സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്താണ്; ഏതെല്ലാം വകുപ്പുകളും ഉദ്യോഗസ്ഥരുമാണ് ഇതിൽ പ്രതിസ്ഥാനത്ത് നില്ക്കുന്നത്; റിപ്പോർട്ട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വകുപ്പിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ അദ്ധ്യയന വർഷം കാലതാമസം നേരിട്ടതിന്റെ വെളിച്ചത്തിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും, തടസ്സങ്ങൾ നീക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ശാസ്ത്രമേളകളിൽ പ്രദർശിപ്പിക്കുന്ന മോഡലുകൾ

2654. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ശാസ്ത്രമേളകളിൽ കുട്ടികൾ പ്രദർശിപ്പിക്കുന്ന മോഡലുകൾ അവരുടെ സ്വന്തം സൃഷ്ടികൾ ആണെന്ന് ഉറപ്പുവരുത്തിയിട്ടാണോ സമ്മാനങ്ങൾ നിശ്ചയിക്കുന്നത്;

(ബി) പലപോഴും മറ്റുള്ളവർ നിർമ്മിച്ചു നൽകുന്ന ശാസ്ത്ര മോഡലുകൾ അവതരിപ്പിച്ചാണ് പല കുട്ടികളും സമ്മാനങ്ങൾ കരസ്ഥമാക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഇത്തരം മേളകളുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ തകർക്കുന്നതാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിലൂടെ യഥാർത്ഥ ശാസ്ത്ര അഭിരുചിയുള്ളവരെ കണ്ടെത്താൻ കഴിയുന്നുണ്ടോ;

(ഡി) പ്രസ്തുത മേളകളിൽ വിജയികളാകുന്ന വിദ്യാർത്ഥികളുടെ ശാസ്ത്ര അഭിരുചി നിലനിർത്തുന്നതിനും ഈ മേഖലയിലെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്നുണ്ടോ;വിശദമാക്കാമോ ?

## വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പദ്ധതി

2655. ശ്രീ.കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, കെ.മുരളീധരൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിദ്യാഭ്യാസസ്ഥാപനങ്ങളെ ലോകനിലവാരത്തിലെത്തിക്കാനുള്ള പദ്ധതി</u>

2656. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏതെങ്കിലും ഒരു വിദ്യാഭ്യാസ സ്ഥാപനം മാതൃകയായി ഏറ്റെടുത്ത് ലോക നിലവാരത്തിലെത്തിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ; പഞ്ചായത്തുകളുടെ പേരും വിദ്യാലയങ്ങളുടെ പേരും വ്യക്തമാക്കുമോ ;

(സി) ലോക നിലവാരത്തിൽ എത്തിക്കാൻ ഈ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകൾ</u>

2657. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകളുടെ നടത്തിപ്പിനായി മെറി ട്രാക്കിന് എത്ര രൂപ നൽകിയിട്ടുണ്ട്;

(ബി) പരീക്ഷാ നടത്തിപ്പിൽ നിന്നും കമ്പനിയെ ഒഴിവാക്കിയതു കാരണം തിരികെ നൽകിയ തുക യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ടോ;വിശദ വിവരം വെളിപ്പെടുത്താമോ?

<u>സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ</u>

2658. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ച സാഹചര്യത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അവ വാങ്ങുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ചത് എന്നാണ്;

(സി) ആവശ്യത്തിന് മെഷീനുകൾ ഇല്ലാത്തതിന്റെ പേരിൽ പുറംകരാർ നൽകേണ്ടി വന്നിട്ടും, മെഷീനുകൾ വാങ്ങാത്തതിന്റെയും ടെണ്ടർ നടപടി പൂർത്തീകരിക്കാത്തതിന്റെയും കാരണം കണ്ടെത്തി നടപടി സ്വീകരിക്കുമോ?

(ഡി)

<u>ബി.ടെക്, എം.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ</u>

2659. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല തുടങ്ങാനിരുന്ന ബി.ടെക്, എം.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ താറുമാറാകാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാല ബി.ടെക്, എം.ടെക് പരീക്ഷ നടത്തിപ്പും, മൂല്യ നിർണ്ണയവും സ്വകാര്യ കമ്പനിക്ക് പുറം കരാർ നൽകിയോ; ആയത് ഏത് സ്വകാര്യ കമ്പനിക്ക് ; ഇതുമായി ബന്ധപ്പെട്ട് ടി സർവ്വകലാശാല എന്തു തുക പ്രസ്തുത സ്വകാര്യ കമ്പനിക്ക് നാളിതുവരെ നൽകി; ഇനി എന്തു തുക നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കുന്ന വിധത്തിലുള്ള ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനശൈലി അടിയന്തിരമായി തിരുത്തുവാനും പ്രസ്തുത സർവ്വകലാശാല പരീക്ഷ നടത്തിപ്പും, മൂല്യനിർണ്ണയവും പുറംകരാർ നൽകാതിരിക്കുവാനും ആവശ്യമായ എന്ത് നടപടി സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാല വൈസ് ചാൻസലറോട് ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ വിശദാംശം വ്യക്താക്കുമോ?

<u>എൽ.പി ./യു .പി അസിസ്റ്റന്റ് നിയമനത്തിലുള്ള യോഗ്യത</u>

2660. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി ./യു .പി അസിസ്റ്റന്റ് നിയമനത്തിലുള്ള യോഗ്യതയായി റ്റി. റ്റി.സി യ്ക്ക് പുറമേ മറ്റെന്തെല്ലാം യോഗ്യതകളാണ് തത്തുല്യ യോഗ്യതയായി കണക്കാക്കിയിട്ടുള്ളത്;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് റ്റി.റ്റി.സി -യ്ക്ക് തുല്യമായ ഡി.റ്റെഡ് (ഡിപ്ളോമ ഇൻ ടീച്ചർ എഡ്യൂക്കേഷൻ) യോഗ്യത നേടിയ മലയാളികൾക്ക് എൽ.പി/യു .പി അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ അത്തരം തടസ്സങ്ങൾ നീക്കുന്നതിനും ഡി.റ്റെഡ് തുടങ്ങിയ ഡിപ്ലോമ കോഴ്സുകൾ റ്റി.റ്റി.സി -യ്ക്ക് തുല്യമായ യോഗ്യതയായി അംഗീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്താമോ ?

## ലബ്ബാ കമ്മീഷൻ റിപ്പോർട്ട്

2661. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്കുള്ള പ്രമോഷൻ സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ലബ്ബാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

2662. **ശ്രീ.എം.എ.ബേബി**
**,, വി.ചെന്താമരാക്ഷൻ**
**,, എസ്.ശർമ്മ**
**,, എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മിക്ക കോളേജുകളും എ.ഐ.സി.ടി.ഇ. യുടെ മാനദണ്ഡങ്ങൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിവുള്ളതാണോ; അടിസ്ഥാന സൗകര്യങ്ങളില്ലാതെയും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെയും

കോളേജുകൾക്ക് അനുമതി നൽകിയതാണ് ഈ സ്ഥിതി വിശേഷത്തിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം കോളേജുകളുടെ അംഗീകാരം പിൻവലിക്കുന്നതിനും അടച്ചുപൂട്ടുന്നതിനും എ.ഐ.സി.ടി.ഇ. നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ നടപടിക്ക് വിധേയമായ എത്ര കോളേജുകളുണ്ട്; വിശദമാക്കാമോ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയും അതുമൂലമുണ്ടായിട്ടുള്ള കുറഞ്ഞ വിജയശതമാനവും സംബന്ധിച്ചുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മുതൽ 2015 വരെയുള്ള അദ്ധ്യയനവർഷങ്ങളിൽ സംസ്ഥാനത്ത് ഒഴിഞ്ഞു കിടന്ന എഞ്ചിനീയറിംഗ് സീറ്റുകളുടെ കണക്ക് ലഭ്യമാക്കാമോ;

(എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല കടുത്ത നിലവാരത്തകർച്ച നേരിടുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

2663. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപ വിനിയോഗിച്ചു നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

## കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജ്

2664. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ആവശ്യത്തിന് ഭൗതികസാഹചര്യമുള്ള പ്രസ്തുത സ്ഥാപനത്തിൽ പ്രസ്തുത കോഴ്സ് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കി അടുത്ത അദ്ധ്യയന വർഷം മുതൽ മേൽ കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ ഗവൺമെന്റ് എൻജിനീയറിങ് കോളേജ് ആരംഭിക്കുന്നത്

2665. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ജെ .ടി .എസ്. ക്യാമ്പസിലെ വിശാലമായ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു ഗവൺമെന്റ് എൻജിനീയറിങ് കോളേജ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ കെട്ടിടങ്ങളുടെ പണി

2666. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ കെട്ടിടങ്ങളുടെ പണി നിർത്തിവച്ചിരുന്നത് പുനരാരംഭിക്കാൻ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## നന്നംമുക്കിൽ പോളിടെക്നിക്ക്

2667. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ നന്നംമുക്കിൽ പോളിടെക്നിക്കിനായി അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുത്ത് ഇതുവരെ സ്ഥാപനം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊട്ടടുത്ത സ്ഥലങ്ങളിലൊന്നും സർക്കാർ പോളിടെക്നിക് ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി ഇതനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിൽ എത്ര പോളിടെക്നിക്കുകൾ അനുവദിച്ചു എന്ന് വിശദമാക്കുമോ; ഇതിൽ സർക്കാർ, എയ്ഡഡ് എന്നിവ പ്രത്യേകം ഇനം തിരിച്ച് ഏവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ?

ഹയർസെക്കന്ററി കോമേഴ്സ് അധ്യാപകരുടെ ഒഴിവുകൾ

2668. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി കോമേഴ്സ് അധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തു; ഇനിയും എത്ര ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി. യെ അറിയിക്കണമെന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയതു് ലഭ്യമാക്കുമോ;

(ഡി) ഈ തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കുമോ?

യു.ജി.സി സ്കീം ഓപ്റ്റ് ചെയ്ത അസിസ്റ്റന്റ് ലൈബ്രേറിയൻമാർ

2669. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സർവ്വകലാശാലയിലെ എത്ര അസിസ്റ്റന്റ് ലൈബ്രേറിയൻമാരാണ് നിലവിൽ യു.ജി.സി സ്കീം ഓപ്റ്റ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) യു.ജി.സി. ഓപ്റ്റ് ചെയ്ത ലൈബ്രറി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്ക് (വേതന ഘടനയിൽ) അർഹതയുണ്ടെന്നു വ്യക്തമാക്കുമോ;

(സി) യു.ജി.സി. ഓപ്റ്റ് ചെയ്ത ലൈബ്രറി ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുകയും സ്റ്റേറ്റ് സ്കീമിൽ ഉൾപ്പെട്ട ലൈബ്രറി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റവും മറ്റാനുകൂല്യങ്ങളും നൽകുകയും ചെയ്യുന്ന രീതി കേരള സർവ്വകലാശാലയിൽ നടപ്പിലാക്കിയിരിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നു വിശദീകരിക്കുമോ;

(ഡി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരം അർഹതപ്പെട്ട ഉദ്യോഗക്കയറ്റവും മറ്റാനുകൂല്യങ്ങളും നിഷേധിക്കുന്ന സാഹചര്യം പരിശോധനാ വിധേയമാക്കുമോ ?

കേരള സർവ്വകലാശായിലെ യു.ജി.സി. ഓപ്റ്റുചെയ്ത ലൈബ്രറി ജീവനക്കാർ

2670. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ യു.ജി.സി. ഓപ്റ്റുചെയ്ത ലൈബ്രറി ജീവനക്കാർക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് ഉദ്യേഗക്കയറ്റം ലഭിക്കുമ്പോൾ യു.ജി.സി.യുടെ എൻടി കേഡറിലാണ് ശമ്പളം ഫിക്സ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിരമിക്കൽ പ്രായത്തോട് അടുക്കുമ്പോൾ മാത്രം ലഭിക്കുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം പ്രസ്തുത ജീവനക്കാർക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തുന്നുവെന്നതിനാലും പെൻഷൻ ആനുകൂല്യങ്ങളിലടക്കം വൻ നഷ്ടം ഉണ്ടാകുന്നുവെന്നതിനാലും അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്ന സമയത്ത് യു.ജി.സി. ഓപ്റ്റ് ചെയ്യുന്ന ജീവനക്കാർക്ക് അതുവരെയുള്ള ആകെ സർവ്വീസ് പേ ഫിക്സേഷന് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ?

## കേരള സർവ്വകലാശാലയിലെ നിയമനം

2671. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല 2005-ൽ നോട്ടിഫൈ ചെയ്ത ഡ്രൈവർ തസ്തികയിലെ നിയമനം വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ റാങ്ക് പട്ടികയിൽ പെട്ട ഉദ്യോഗാർത്ഥികൾക്ക് മറ്റൊരു ജോലിയ്ക്ക് അപേക്ഷിക്കുന്നതിന് വയസ്സ് അധികരിച്ചതിനാലും കോടതികളുടെ ഉത്തരവുകൾ പാലിച്ചും അടിയന്തരമായി നിയമനം നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി)

## സാങ്കേതിക സർവ്വകലാശാലയിലെ അധ്യാപക-അനധ്യാപക തസ്തികകൾ

2672. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) അനുവദിച്ച തസ്തികകൾക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ;തസ്തിക നിർണ്ണയിക്കുന്നതിന് ഏതെങ്കിലും ചട്ടമോ മാനദണ്ഡങ്ങളോ അവലംബിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഡയറക്ടർ ഓഫ് അഡ്മിനിസ്ട്രേഷൻ എന്ന ഒരു തസ്തിക അംഗീകരിച്ചിട്ടുണ്ടോ ;പ്രസ്തുത തസ്തിക സൃഷ്ടിക്കാനിടയായ സാഹചര്യമെന്താണ് ; മറ്റ് സർവ്വകലാശാലകളിൽ ഇങ്ങനെയൊരു തസ്തികയുണ്ടോ ; പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ച യോഗ്യത എന്താണ് ;

(ഡി) സംസ്ഥാനത്ത് മറ്റേതെങ്കിലും സർവ്വകലാശാലകളിൽ ഏതെങ്കിലും തസ്തികയ്ക്ക് ഇത്തരത്തിലുള്ള യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ;വിശദമാക്കാമോ ?

## സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് പ്രവർത്തിപ്പിക്കാൻ നടപടി

2673. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിളിമാന്നൂർ മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റും കാന്റീനും പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ രണ്ട് സിവിൽ സ്റ്റേഷനുകളിലും ലിഫ്റ്റ് പ്രവർത്തിപ്പിക്കാത്തത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ യ്ക്ക് സ്ഥലം

2674. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ യ്ക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## 'ഭൂരഹിതരില്ലാത്ത കേരളം'

2675. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടുണ്ട് ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം, നൽകിയ ഭൂമിയുടെ അളവ്, ഭൂമി നൽകിയ വർഷം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭൂമിയിൽ സർവ്വേ നടത്തി ഭൂമി അളന്നു തിരിച്ച്

എത്ര പേർക്ക് നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) സർവ്വേ നടത്തി അളന്ന് തിരിച്ച ഭൂമിയിൽ എത്ര പേർക്ക് റൈറ്റിൽ (പ്രമാണം) തയ്യാറാക്കി നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) സർവ്വേയും നടത്തി റൈറ്റിലും തയ്യാറാക്കി നൽകിയ എത്ര പേർക്ക് പട്ടയം നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണത്തിന് കണ്ടെത്തിയ ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരുന്ന എത്ര സ്ഥലങ്ങൾ ഉണ്ട് ; സ്ഥലം, നിശ്ചയിച്ച ഗുണഭോക്താക്കളുടെ എണ്ണം, ഭൂമി ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

## ഓരോ പഞ്ചായത്തിലും വില്ലേജ് ഓഫീസ്

2676. ശ്രീ.പി.എ.മാധവൻ

,, കെ.മുരളീധരൻ

,, ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

## ആർ എം എഫ്- ൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2677. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണ കാലയളവിൽ ആർ എം എഫ്- ൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര; വിശദമായി വ്യക്തമാക്കാമോ?

## സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം വൈക്കം മണ്ഡലത്തിൽ ഭൂമി ലഭിച്ചവർ

2678. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാന്റ് ലെസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് വിതരണം ചെയ്യുന്നതിനായി വൈക്കം നിയോജക മണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ള ഭൂമി ഏതൊക്കെയാണെന്നും ഇതനുസരിച്ച് എത്രപേർക്ക് ഭൂമി അനുവദിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം എത്ര ഉപഭോക്താക്കളെയാണ് വൈക്കം നിയോജകമണ്ഡലത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ളതെന്നും ഇവർക്ക് വിതരണം ചെയ്യുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

## നേമം നിയോജക മണ്ഡലത്തിലെ റീസർവ്വെ നടപടികൾ

2679. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ എത്ര വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട് ; അവ ഏതൊക്കെ; വെളിപ്പെടുത്താമോ;

(ബി) റീസർവ്വെ നടപടികൾ പൂർത്തിയാകാനുള്ള നേമം മണ്ഡലത്തിലെ വില്ലേജുകളിൽ ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

## സീറോ ലാൻഡ് പദ്ധതി

2680. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു (ജില്ല തിരിച്ച്) വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിൽ നിന്ന് എത്ര ഗുണഭോക്താക്കളെ കണ്ടെത്തി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് എത്ര ഭൂമി വീതം ഏതൊക്കെ സ്ഥലങ്ങളിൽ നല്കി എന്നുള്ള പട്ടിക ലഭ്യമാക്കി വിശദീകരിക്കാമോ?

## ഭൂമി പോക്കുവരവുമായി ബന്ധപ്പെട്ട ഉത്തരവുകൾ

2681. **ശ്രീമതി.ജമീലാ പ്രകാശം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള ഉത്തരവുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ ഭാഗികമായി പാസ്സാക്കുന്ന പോക്കുവരവിന്മേൽ താലൂക്ക് ഓഫീസർ തുടർ നടപടി സ്വീകരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>മിച്ച ഭൂമി വിതരണം</u>

2682. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമിയായി കണ്ടെത്തിയ എത്ര ഏക്കർ ഭൂമിയാണ് സംസ്ഥാനത്തുള്ളത്;ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം എത്ര ഏക്കർ മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്; എത്ര പേർക്ക്; ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര ഏക്കർ മിച്ചഭൂമിയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്; ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

<u>റദ്ദ് ചെയ്ത പോക്കുവരവുകൾ</u>

2683. **ശ്രീമതി.ജമീലാ പ്രകാശം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ന് ശേഷം സംസ്ഥാനത്ത് തെറ്റായ എത്ര പോക്കുവരവുകൾ റദ്ദ് ചെയ്തിട്ടുണ്ട്; ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ റദ്ദ് ചെയ്യപ്പെട്ട പോക്കുവരവുകളുടെ വിശദാംശം ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) തെറ്റായ പോക്കുവരവുകൾ ഉണ്ടാകാതിരിക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

<u>തിരുമല - തൃക്കണ്ണാപുരം റോഡിന്റെ വികസനം</u>

2684. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത വകയിൽ ആർക്കൊക്കെ ഭൂമിയുടെ വില കൊടുക്കുവാനുണ്ടെന്നും, ആയത് എന്നത്തേക്ക് നല്കുമെന്നും വ്യക്തമാക്കുമോ?

<u>റിവർ മാനേജ് ഫണ്ട്</u>

2685. ശ്രീ.പി.കെ.ഗുരുദാസൻ

,, കെ.രാധാകൃഷ്ണൻ

,, രാജു എബ്രഹാം

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ് ഫണ്ട് വിവിധ ജില്ലകളിൽ നിന്നും പത്തനംതിട്ട ജില്ലയുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ; എന്തു തുകയാണ് ഇങ്ങനെ മാറ്റപ്പെടുന്നത്; ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ നദികളിലെ മണൽ ഓഡിറ്റിംഗ് പൂർത്തിയാകാത്തതു കാരണം നിയമാനുസൃത മണൽവിൽപ്പന തടസ്സപ്പെടുകയും അനധികൃത മണൽവാരൽ നിർബാധം തുടരുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നദീതീരങ്ങളിലെ മണ്ണിടിച്ചിലും കയ്യേറ്റങ്ങളും തടയുന്നതിന് തീരസംരക്ഷണത്തിനായി റിവർ മാനേജ് ഫണ്ട് വിനിയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം</u>

2686. ശ്രീ.ഷാഫി പറമ്പിൽ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>റവന്യൂ അദാലത്ത്</u>

2687. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ജില്ലകളിൽ റവന്യൂ അദാലത്ത് നടത്തുകയുണ്ടായി; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കുമോ;

(ബി) റവന്യൂ അദാലത്ത് വഴി എത്ര പട്ടയങ്ങൾ നല്കുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ;

(സി) റവന്യൂ അദാലത്ത് വഴി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര എണ്ണം തീർപ്പു കൽപ്പിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണം</u>

2688. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകാത്തതുമൂലം പാലം നിർമ്മാണം നിശ്ചലാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാവിധ രേഖകളും സർക്കാരിന് സമർപ്പിച്ചുവെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) എത്രത്തോളം ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും, ആയത് എന്നത്തേക്ക് ഏറ്റെടുത്ത് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൊല്ലം ജില്ലയിൽ പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

2689. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര മണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ച ചെറുതുരുത്തി തടയണയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ; അതിന്റെ നിർമ്മാണം മുടങ്ങിയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) തടയണ നിർമ്മാണത്തിന് ജലവിഭവ വകുപ്പ് ഡി.പി.ആർ തയ്യാറാക്കുകയും തൃശ്ശൂർ ജില്ലാ കളക്ടർ അതിനാവശ്യമായ തുക അനുവദിക്കുന്നതിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടും ഈ പദ്ധതിക്ക് ഫണ്ട് അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകാതിരിക്കാനുള്ള കാരണങ്ങൾ അറിയിക്കാമോ;

(സി) ചെറുതുരുത്തി സന്ദർശന വേളയിൽ പ്രസ്തുത പദ്ധതി എത്രയും വേഗം

പൂർത്തിയാക്കുമെന്ന് ബഹു: മുഖ്യമന്ത്രി ജനങ്ങൾക്ക് വാഗ്ദാനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാകാത്തതുകാരണം ഇതിനായി ചെലവഴിച്ച തുക പാഴായി പോകുന്നതിന്റെ ഉത്തരവാദികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

<u>സ്കൂൾ ഭൂമി കയ്യേററം</u>

2690. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്ക് കുറുവ വില്ലേജിലെ പാങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഭൂമി, ക്ഷേത്ര കമ്മിറ്റി കയ്യേറിയതായുള്ള പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്ഥല പരിമിതിയാൽ ബുദ്ധിമുട്ടുന്ന സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് തടസ്സമായ പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ചികിത്സ ധനസഹായം</u>

2691. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വച്ച് നടത്തിയ റവന്യൂ അദാലത്തിൽ ചികിത്സ ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ഇതിൽ എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തു;

(ബി) റവന്യൂ അദാലത്തിൽ ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച പലർക്കും ഇതുമായിബന്ധപ്പെട്ട് നാളിതുവരെ യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പരിശോധിക്കുമോ;

(സി) അപേക്ഷകർക്കെല്ലാം ചികിത്സ ധനസഹായം അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ആലപ്പുഴ ജില്ലയിലെ പട്ടയ വിതരണം</u>

2692. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് പുതിയതായി പട്ടയം നൽകിയിട്ടുണ്ട്; താലൂക്ക്, വില്ലേജ് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് നൽകാനുള്ള പട്ടയങ്ങൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്; താലൂക്ക്, വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിലെ ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈനായി ലഭിക്കുക; വിശദമാക്കാമോ?

## വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി

2693. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കണ്ടെത്തിയ ഭൂമിയിൽ എവിടെയെല്ലാം സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; സ്ഥലം, ഭൂമിയുടെ അളവ്, ഗുണഭോക്താക്കളുടെ എണ്ണം, സർവ്വേ നടത്തിയ വർഷം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി

2694. **ശ്രീ.ഇ.പി.ജയരാജൻ**

**,,** സി.കൃഷ്ണൻ

**,,** കെ. ദാസൻ

**,,** എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ മുമ്പ് പതിച്ചു നൽകിയതും എന്നാൽ ഏറ്റെടുക്കാത്തതുമായ ഭൂമി ഏറ്റെടുക്കാനുള്ള കാലപരിധി കഴിഞ്ഞ ശേഷം വീണ്ടും അവർക്കു തന്നെ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതിയതായി വരുത്തിയ ഇളവുകൾ മൂലം എത്ര ഹെക്ടർ ഭൂമി പതിച്ചു നല്കപ്പെടും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) വർഷങ്ങൾക്ക് മുമ്പ് അപേക്ഷ നല്കിയവരുടെ ഇന്നത്തെ സ്ഥിതി എന്താണെന്നും അവർ ഭൂമി ലഭിക്കുന്നതിന് അർഹരാണോയെന്നും പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ഇ) ഇത്തരം ഭൂമിയുടെ കമ്പോളവില ഭീമമായി വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത നടപടി മൂലം സർക്കാരിന് വൻ നഷ്ടം സംഭവിക്കാൻ ഇടയുണ്ടാകാമെന്നത് അറിവുള്ളതാണോ;

(എഫ്) പ്രസ്തുത അവസരം ഭൂമാഫിയകൾ ചൂഷണം ചെയ്യാനിടയുള്ള കാര്യം അറിവുള്ളതാണോ?

## കൊരട്ടി ഇൻഫോപാർക്ക്

T 2695. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗാ ത്രഡ്സ് കമ്പനിയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്തുനിന്നും കൊരട്ടി ഇൻഫോപാർക്കിന് സ്ഥലം അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## വരൾച്ച

2696. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം കാലവർഷത്തിലുണ്ടായ കുറവ് മൂലം കടുത്ത വരൾച്ചയുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ; സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വരൾച്ച രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) കാലാവസ്ഥാ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) വരൾച്ച നേരിടുന്നതിന് പാലക്കാട് ജില്ലയിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ; ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ ?

## രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം

2697. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം വിട്ടു നൽകുന്നതിനും ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതും സംബന്ധിച്ച 16678/B2/Rev/2014 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

ഭൂസംരക്ഷണ സേന

2698. ശ്രീ.എ.കെ.ബാലൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.വിജയദാസ്

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കയ്യേറ്റം കണ്ടുപിടിക്കുന്നതിനും ഒഴിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്നു വിശദമാക്കുമോ;

(ബി) ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം എപ്രകാരമാണെന്നും ഏതെല്ലാം പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സേനയുടെ പ്രവർത്തനഫലമായി ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിച്ചെടുക്കുന്നതിനും സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് പുനരാരംഭിക്കേണ്ടത് ആവശ്യമല്ലേ ;

(ഇ) പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സർവ്വേ സംബന്ധിച്ച് പരാതികൾ ഉയർന്നിട്ടുണ്ടോ;

(എഫ്) മൂന്നാറിൽ ടാറ്റാകമ്പനി കൈവശം വെച്ചിരിക്കുന്ന കണ്ണൻ ദേവൻ വില്ലേജിലെ ഭൂമി സർവ്വേ നടത്തിയതിൽ കൃത്യതയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അപകടകരമായ രീതിയിൽ മണ്ണെടുത്ത് പ്ലോട്ട് ആക്കുന്നത് സംബന്ധിച്ച പരാതി

2699. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടടുത്തുള്ള പുരയിടം അപകടകരമായ രീതിയിൽ മണ്ണെടുത്ത് പ്ലോട്ട് ആക്കുന്നത് സംബന്ധിച്ച്, ചെറുവയ്ക്കൽ വില്ലേജിൽ സുഭദ്രാസദനത്തിൽ കട്ടേല ശ്രീ.രാമചന്ദ്രൻ

നായർ, നല്കിപയിരുന്ന പരാതിയിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഏത് ഉദ്യോഗസ്ഥനാണ് സ്ഥലം സന്ദർശിച്ചത് എന്നറിയിക്കാമോ; തദവസരത്തിൽ സ്ഥലത്തിന്റെ ഫോട്ടോ എടുത്തിട്ടുണ്ടോ; സ്ഥലം സന്ദർശി്ച്ചത് എന്നാണെന്നും വസ്തുതാ വിവരത്തിൽ സാക്ഷികൾ ഒപ്പിട്ടിട്ടുണ്ടോ എന്നും അറിയിക്കാമോ; ഈ സമയം പരാതിക്കാരന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പുരയിടം ജെ.സി.ബി ഉപയോഗിച്ച് ഇടിക്കുന്നത് തടഞ്ഞിട്ടുണ്ടോ; വില്ലേജ് ഓഫീസർ, പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; താലൂക്ക് ഓഫീസിൽ സമർപ്പിച്ച റിപ്പോർട്ടിൽ തഹസീൽദാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഈ പരാതി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(ഡി) ജെ.സി.ബി ഉപയോഗിച്ച് മണ്ണിടിച്ച് പ്ലോട്ടാക്കി തിരിക്കുന്നത് തൊട്ടടുത്ത പുരയിടത്തിന് ദോഷം ചെയ്യും എന്നു കാണിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 19/11/2015 ൽ നൽകിയിരുന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ചേർത്തല താലൂക്കിൽ ഭൂമിയുടെ ഫെയർ വാല്യൂ</u>

2700. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽ പെട്ട ഫെയർ വാല്യൂ നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർ വാല്യൂ നിശ്ചയിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു, എന്തുകൊണ്ടാണ് ഒട്ടേറെ സർവ്വേ നമ്പരുകളിൽ പെട്ട ഭൂമികളുടെ ഫെയർ വാല്യൂ ഉൾപ്പെടാതെ പോയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഫെയർ വാല്യൂ നിശ്ചയിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും ഉദ്യോഗസ്ഥ തലത്തിൽ നടന്ന നടപടിയായിരിക്കേ ഫെയർ വാല്യൂ നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ഭൂമി അത്യാവശ്യ കാര്യങ്ങൾക്ക് ക്രയവിക്രയം ചെയ്യുന്നതിന് കഴിയാത്തവിധമാക്കിയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(ഡി) പ്രസ്തുത ആവശ്യത്തിനായി സർക്കാർ ഓഫീസുകളുടെ പടികൾ മാസങ്ങളായി കയറിയിറങ്ങുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>എലത്തൂർ നിയോജകമണ്ഡലത്തിലെ റിവർ മാനേജ്മെന്റ്</u>

T 2701. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എലത്തൂർ നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റിൽ നിന്ന് അനുവദിച്ച പ്രവൃത്തിയുടെ പേരും തുകയും വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവർത്തികൾ ഏതൊക്കെയെന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ളത് ഏതൊക്കെയെന്നും വെളിപ്പെടുത്താമോ;

(സി) പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>കൽപ്പറ്റ - വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി -റോഡുകൾക്കായി ചിലവഴിച്ച തുക</u>

2702. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പഞ്ചായത്ത് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾക്കായി ചിലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഓപ്പറേഷൻ അനന്ത പദ്ധതി</u>

2703. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം ഇല്ലാതാക്കുന്നതിനായി ആവിഷ്ക്കരിച്ച ഓപ്പറേഷൻ അനന്ത പദ്ധതി പൂർണ്ണമായും നടപ്പാക്കിയോ എന്നും പ്രസ്തുത പദ്ധതിയിലൂടെ തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക പ്രശ്നം പരിഹരിക്കപ്പെട്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പദ്ധതി നടത്തിപ്പിൽ പരാജയപ്പെടുകയും സംസ്ഥാന ഖജനാവിനു വൻ നഷ്ടമുണ്ടാക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

കൊണ്ടോട്ടി താലൂക്ക് ഓഫീസിൻെറ ശോചനീയാവസ്ഥ

2704. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം മതിയായ സൗകര്യമില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിസിവിൽ സ്റ്റേഷൻ പണിയുന്നതിനുവേണ്ടി എം.എൽ.എ ആസ്തി ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതിയായിട്ടും കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ളത് പഞ്ചായത്ത് നൽകിയ സ്ഥലത്തിന്റെ തരം മാറ്റാത്തതാണ് എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ആവശ്യത്തിനായി സംസ്ഥാന സമിതി യോഗത്തിൽ തീരുമാനം എടുത്ത ഫയലിന്മേൽ വേഗത്തിൽ തീർപ്പ്കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അനുയോജ്യമായ പൊതു സ്ഥലം മറ്റിടങ്ങളിൽ ഉണ്ടെങ്കിൽ അവിടെ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിലെ പട്ടയ വിതരണം

2705. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്രപേർക്ക് പട്ടയം നൽകി എന്ന് വിശദമാക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകി എന്ന് വിശദമാക്കാമോ;

(സി) പുതുക്കാട് മണ്ഡലത്തിൽ പട്ടയത്തിനായി അപേക്ഷ നൽകിയവരിൽ തീർപ്പാകാതെ എത്രയെണ്ണമാണ് ഉള്ളത്; വിശദമാക്കാമോ;

(ഡി) അടിയന്തരമായി തീർപ്പാക്കി അപേക്ഷിച്ച എല്ലാപേർക്കും പട്ടയം എന്നേയ്ക്ക് നൽകാനാകും വിശദമാക്കാമോ?

സർക്കാർ ഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് പതിച്ചു നൽകിയതിന്റെ കണക്ക്

2706. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കുമായി സർക്കാർ ഭൂമി പതിച്ചു നൽകിയതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ സ്ഥാപനങ്ങളുടേയും പേരും വിശദാംശവും അനുവദിക്കപ്പെട്ട ഭൂമിയുടെ അളവും ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പാട്ടത്തിന് നൽകിയ ഭൂമി

2707. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാറിന്റെ കൈവശമുള്ള ഭൂമി, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിനു നൽകുന്ന പദ്ധതി പ്രകാരം എത്ര ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയത് ആർക്കാണെന്നും ആയത് എത്ര തുകയ്ക്കാണെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി കൈവശംവയ്ക്കുന്നത് എത്ര പേർ; ആയത് തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## ദുരിതാശ്വാസ ക്യാമ്പുകൾ

2708. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം, വർഗ്ഗീയ സംഘർഷങ്ങൾ എന്നിവ മൂലം ഭവനരഹിതരായവർക്കായി എത്ര ദുരിതാശ്വാസ ക്യാമ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(സി) ക്യാമ്പുകളുടെ പേരും മറ്റ് വിവരങ്ങളും വിശദമാക്കാമോ?

## സർക്കാർ വകുപ്പുകളുടെ ഭൂമി കൈമാറ്റം

2709. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സർക്കാർ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 22.3.1968-ലെ ജി.ഒ (പി)/187 /68/ആർ.ഡി.നമ്പർ സർക്കാർ ഉത്തരവ് ഉൾപ്പെടെ എല്ലാ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഭൂരഹിതർക്ക് ഭൂമി വിതരണം

2710. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും ഇവർക്ക് എന്നത്തേക്ക് ഭൂമി വിതരണം ചെയ്യാനാകുമെന്നും അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി ബൈപാസ് റോഡ്

2711. ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിനായി എസ്സ്.എൽ.ഇ.സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ തുടർ നടപടികൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ ;

(സി) സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭൂരഹിതരില്ലാത്ത കേരളം

2712. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി ലഭിക്കുന്നതിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്; എത്ര പേർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം താലൂക്ക് തിരിച്ച് നൽകുമോ;

(ബി) ഭവന നിർമ്മാണത്തിന് ലഭിച്ച ഭൂമി യോജ്യമല്ല എന്ന് കാട്ടി എത്ര പേർ പരാതി നൽകിയിട്ടുണ്ട്; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

2713. ശ്രീ.കെ.രാധാകൃഷ്ണൻ
,, കെ.കെ.ജയചന്ദ്രൻ

,, എസ്.രാജേന്ദ്രൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നാളിതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ദേവികുളം താലൂക്കിൽ ഭൂരഹിതർക്കായി നൽകിയ പട്ടയത്തിനായി ഭൂമി നൽകാനായിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളുടേയും പഞ്ചായത്തുകളുടേയും അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ പട്ടയങ്ങൾ ഭൂരഹിതരായവർക്ക് നൽകാനിടയായത് അന്വേഷണ വിധേയമാക്കുമോ;

(ഡി) ഈ പ്രദേശത്ത് നടത്തിയ മെഗാപട്ടയമേളയ്ക്ക് എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ;

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

2714. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭ്യമാകുന്നതിന് അപേക്ഷ നൽകിയവരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർരുണ്ടെന്ന് അറിയിക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

2715. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകുമെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

<u>കാലവർഷക്കെടുതി മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക്</u>

2716. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കാലവർഷക്കെടുതി മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിലേക്കായി ഓരോ വർഷത്തിലും എന്ത് തുകയ്ക്കുള്ള കേന്ദ്ര സഹായത്തിനാണ് ആവശ്യമുന്നയിച്ചിരുന്നത്; കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയെത്ര;

(സി) ഓരോ വർഷത്തിലും ഈ ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്ര;

(ഡി) കാലവർഷക്കെടുതി മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്കും മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരം നൽകാൻ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രകൃതി ദുരന്തത്തിന് ഇരയായവർക്ക് സർക്കാർ പ്രഖ്യാപിച്ച സഹായധനം നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

<u>വെള്ളരിക്കുണ്ടിൽ പ്രകാശ് പ്ലാന്റേഷൻ ഉടമകൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി</u>

2717. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ പ്രകാശ് പ്ലാന്റേഷൻ ഉടമകൾ അനധികൃതമായി എത്ര ഏക്കർ റവന്യൂ ഭൂമിയാണ് കൈവശം വച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ സെക്രട്ടറിയും ഹൈക്കോടതിയും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>കാഞ്ഞിരപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ</u>

2718. **ഡോ.എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്ക് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ അത് എതു ഘട്ടത്തിലാണ്;

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(സി)

<u>മത്സ്യതൊഴിലാളികൾക്ക് പട്ടയം</u>

T 2719. ശ്രീ.ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളും തലമുറകളായി പ്രസ്തുത വസ്തുവിൽ താമസിച്ചുവരുന്നതുമായ മത്സ്യതൊഴിലാളി സമൂഹത്തിന് കൈമാറ്റ അവകാശത്തോടു കൂടി പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ, അടിയന്തരനടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള കണക്കെടുപ്പോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് നിഗമനം / വിലയിരുത്തൽ എന്ന് വ്യക്തമാക്കുമോ?

<u>സ്ഥലം നികത്തൽ</u>

T 2720. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ഥലം നികത്തുന്നതിന് വേണ്ടിയുള്ള അപേക്ഷകളാണ് സംസ്ഥാന ഹൈലെവൽ കമ്മറ്റിയിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്വകാര്യ ആവശ്യത്തിനും പൊതു ആവശ്യത്തിനും സ്ഥലം നികത്തുന്നതിനായി എത്ര അപേക്ഷകൾ വീതം ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര എണ്ണം അനുവദിച്ചുവെന്നും ആയത് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും വ്യക്തമാക്കുമോ?

<u>റവന്യൂ ജീവനക്കാരുടെ കാര്യക്ഷമത</u>

2721. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതുമൂലം അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ്/താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവ മുഖാന്തിരം നൽകിവരുന്ന ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈൻ ആക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത ഓഫീസുകൾ മുഖാന്തരം നൽകി വരുന്ന സർട്ടിഫിക്കറ്റുകൾ മുതലായവ പൂർണ്ണമായി ഓൺ ലൈൻ ആക്കുന്നതിനും മറ്റു സേവനങ്ങൾ യഥാസമയം അഴിമതിരഹിതമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>വനഭൂമി പതിച്ചു നല്കാൻ ഉത്തരവ്</u>

T 2722. **ശ്രീ.സി.ദിവാകരൻ**

**ശ്രീമതി.ഇ.എസ്.ബിജിമോൾ**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**,, കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെയോ പരിസ്ഥിതി മന്ത്രാലയത്തിന്റെയോ അനുമതിയില്ലാതെ വനഭൂമി പതിച്ചു നല്കാൻ റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ടോ;

(ബി) എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിൽ ജണ്ടയിട്ട് സുരക്ഷിതമാക്കിയ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രത്തിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതിയില്ലാതെ പട്ടയം നല്കാൻ ഉത്തരവ് ഇറക്കിയവരുടെ മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ക്വാറി ഉടമകൾക്ക് ഇ - പാസ് അനുവദിക്കൽ</u>

2723. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുകടത്തുമായി ബന്ധപ്പെട്ട് ക്വാറി ഉടമകൾക്ക് ഇ - പാസ്; അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇ - പാസ് അനുവദിക്കുന്ന കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കാമോ?

<u>റവന്യൂ പ്രവർത്തനങ്ങൾക്കു വേണ്ടി കർമ്മ പദ്ധതി</u>

2724. ശ്രീ.വി.ഡി.സതീശൻ
,, പി.എ.മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്താമോ ?

## മോഡേൺ സർവ്വേ റെക്കാർഡ് റൂം

2725. ശ്രീ.കെ.ശിവദാസൻ നായർ
,, സി.പി.മുഹമ്മദ്
,, ജോസഫ് വാഴയ്ക്കൻ
,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡേൺ സർവ്വേ റെക്കാർഡ് റൂം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കുന്നത്

2726. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കയർ മേഖലയിലെ വിപണന സാധ്യതകൾ</u>

2727. ശ്രീ.പി.സി വിഷ്ണുനാഥ്

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കയർ തൊഴിലാളി ഇൻഷ്വറൻസ്</u>

2728. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇൻഷ്വറൻസ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക; ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി അംഗത്വമുള്ള മുഴുവൻ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വ്യക്തമാക്കാമോ?

<u>കയർ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

2729. ശ്രീ.ജി.സുധാകരൻ

,, സി.കെ സദാശിവൻ

,, എ.എം. ആരിഫ്

,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയറുല്പന്നങ്ങൾ വാങ്ങിക്കുകയോ യഥാസമയം വില നൽകുകയോ ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കയർ സംഘങ്ങളുടെ പ്രവർത്തനത്തേയും തൊഴിലാളികളേയും സാരമായി ബാധിച്ചിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു; ഇത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) തൊഴിലാളികൾ പട്ടിണി കിടക്കുമ്പോഴും കയർമേളയുടെ മറവിൽ വൻ ധൂർത്തും ക്രമക്കേടുകളും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;; 2011 മുതൽ 2016 വരെ നടന്ന കയർമേളകൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലത്തെ കയർ മേളകൾ കയർ മേഖലയ്ക്ക് നേട്ടമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## കയർ ബോർഡിന്റെ ആസ്ഥാനം മാറ്റുന്നത് സംബന്ധിച്ച്

2730. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽ നിന്ന് തമിഴ് നാട്ടിലേക്ക് മാറ്റുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നീക്കം തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

## കയർമേഖലയ്ക്ക് കർമ്മ പദ്ധതി

2731. ശ്രീ.ബെന്നി ബെഹനാൻ
**,,** എ.പി.അബ്ദുള്ളക്കുട്ടി
**,,** കെ.എസ്.ശബരീനാഥൻ
**,,** ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കയറുൽപ്പന്നങ്ങളുടെ വിപണി സഹായം പദ്ധതി</u>

2732. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന കയറും കയറുൽപ്പന്നങ്ങളുടെയും വിൽപനയ്ക്കുള്ള വിപണി സഹായം (MDA) എന്ന പദ്ധതിയിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കേന്ദ്രവിഹിതം ലഭിച്ചത് എത്ര; സംസ്ഥാന വിഹിതം എത്ര;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ബി.പി.എൽ - എ.പി.എൽ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

2733. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ നിന്നും എ.പി.എൽ - ബി.പി.എൽ വിഭാഗങ്ങൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ;

<u>സിവിൽ സപ്ലൈസ് ഗോഡൗണുകൾ</u>

2734. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകട വഴി വിതരണം ചെയ്യുന്ന അരിയും മറ്റ് അവശ്യസാധനങ്ങളും സൂക്ഷിക്കുന്ന ഗോഡൗണുകൾ പലതും വൃത്തി ഹീനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിക്കുന്നതു കാരണം പല ഭക്ഷ്യധാന്യങ്ങളും കേടായ നിലയിലാണ് വിതരണത്തിന് റേഷൻകടകൾക്ക് ലഭിയ്ക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ കേടായതു കാരണം വിതരണം നടത്താൻ കഴിയാത്ത ഭക്ഷ്യധാന്യത്തിന്റെ കഴിഞ്ഞ വർഷത്തെ കണക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന

ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണുകൾ കൃത്യമായി പരിശോധന നടത്തി ഇവയുടെ ശുചിത്വം ഉറപ്പുവരുത്താൻ നടപടി സ്വീകരിയ്ക്കുമോ?

എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ

2735. ശ്രീ.എ.റ്റി.ജോർജ്
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ബി.പി.എൽ കാർഡുകൾ കൈവശം വയ്ക്കുന്ന കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാർ

2736. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കിയെന്നും എത്ര ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) ബി.പി.എൽ കാർഡുകൾ കൈവശം വച്ച എത്ര കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാർ അവ എ.പി.എൽ.കാർഡുകളാക്കി മാറ്റി; വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാരിൽ എത്ര പേർ ബി.പി.എൽ കാർഡുകൾ കൈവശം വയ്ക്കുന്നുണ്ടെന്ന് പരിശോധിക്കുമോ;

(ഡി) ബി.പി.എൽ.കാർഡുകൾ കൈവശംവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

രണ്ട് രൂപ നിരക്കിൽ അരി പദ്ധതി

2737. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് റേഷൻകടകൾ വഴി ലഭിക്കുന്ന വസ്തുക്കൾ എന്തെല്ലാമാണ്; ആഴ്ചതോറും നൽകുന്നതും പ്രതിമാസം നൽകുന്നതും പ്രത്യേകം അറിയിക്കാമോ;

(ബി) രണ്ട് രൂപ നിരക്കിൽ അരിവിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; നിലവിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്;

(സി) എ.പി.എൽ. വിഭാഗക്കാർക്ക് രണ്ട് രൂപ നിരക്കിലും അരി ലഭിക്കുന്നുണ്ടോ; എങ്കിൽ എത്രകുടുംബങ്ങൾക്ക് ലഭിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) 2011 മുതൽ രണ്ട് രൂപ നിരക്കിൽ വിതരണം ചെയ്ത അരിയുടെ അളവ് എത്രയെന്നും എത്ര കുടുംബങ്ങൾക്ക് ഇത് ലഭിച്ചു എന്നും വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

## പുതിയ റേഷൻ കടകൾ

2738. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, കെ.എസ്.ശബരീനാഥൻ

,, വി.പി.സജീന്ദ്രൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പുതിയ റേഷൻ കടകൾ

2739. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിന്റെ കീഴിലുള്ള മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കോട് ഒരു റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ എടുത്ത നടപടികൾ വിശദമാക്കുമോ;

(സി) ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>പുതിയ റേഷൻ കാർഡുകളുടെ വിതരണം</u>

2740. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന്റെ കാലാവധി വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ; പുതിയ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പുതിയ റേഷൻ കാർഡ് ഏതെല്ലാം അവസരങ്ങളിൽ ആധികാരിക രേഖയായി ഉപയോഗിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ, വിശദമാക്കുമോ?

(സി) പുതിയ റേഷൻ കാർഡിനായി കാർഡ് ഉടമകളിൽ നിന്നും എത്ര രൂപ വീതമാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>പുതിയ സൂപ്പർ മാർക്കറ്റുകൾ</u>

2741. **ശ്രീ.വി.റ്റി.ബൽറാം**
**,, പി.എ.മാധവൻ**
**,, വി.പി.സജീന്ദ്രൻ**
**,, കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പുതിയ റേഷൻകാർഡ്</u>

2742. ശ്രീ.സി.ദിവാകരൻ
,, കെ.അജിത്
,, കെ.രാജു
ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റേഷൻകാർഡിന്റെ കാലാവധി അവസാനിച്ചത് എന്നാണ്; കാർഡ് ഉടമകളുടെയും കുടുംബാംഗങ്ങളുടെയും വിവര ശേഖരണത്തിന് നിശ്ചയിച്ച തീയതി ഏതാണെന്ന് വെളിപ്പെടുത്തുമോ ?

<u>പുതിയ റേഷൻകാർഡുകൾ</u>

2743. ശ്രീ.തോമസ് ഉണ്ണിയാടൻ
,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളിൽ കടന്നുകൂടിയ പിശകുകൾ തിരുത്തുന്നതിന് പ്രത്യേക സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

<u>നെല്ല് സംഭരണ വില</u>

2744. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ വില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപയാണ് കുടിശ്ശികയായി നൽകുവാനുള്ളത്;

(ഡി) നെല്ല സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ നെല്ല് സംരംഭകരെയും ഇടത്തട്ടുകാരെയുംപ്രസ്തുത മേഖലയിൽ നിന്നും ഒഴിവാക്കുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>നെല്ല് സംഭരണം</u>

2745. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി ഏതെല്ലാം പദ്ധതികളും പരിപാടികളുമാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ബി) സർക്കാർ മേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; ഏതെല്ലാം സ്ഥലങ്ങളിൽ മില്ലുകൾ സ്ഥാപിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി വകയിരുത്തിയ തുകയിൽ ഇതിനകം പിൻവലിച്ച തുകയെത്ര?

## നെല്ല് സംഭരണം

T 2746. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച് ഒരാഴ്ചക്കുള്ളിൽ തന്നെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) 2013-14, 2014-15, 2015-16 വർഷങ്ങളൽ ഏതെല്ലാം സീസണുകളിൽ നെല്ല് സംഭരിക്കുകയുണ്ടായി; എത്ര ദിവസത്തെ ഇടവേളയിലാണ് സബ്സിഡി നൽകിയിരുന്നത് എന്നറിയിക്കാമോ;

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ സബ്സിഡി നൽകുന്നതിനു വകയിരുത്തപ്പെട്ട തുക , ഇതിനകം പിൻവലിച്ച തുക എന്നിവ എത്രയെന്ന് അറിയിക്കാമോ ;

(ഡി) നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് കുടിശ്ശികയായിട്ടുള്ള മൊത്തം തുക എത്രയെന്ന് അറിയിക്കാമോ ;

(ഇ) കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷത്തെയും നെല്ല് ഉല്പാദനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ഉല്പാദനത്തിന്റെ എത്ര ശതമാനം വീതം ഓരോ വർഷവും സംഭരിക്കുകയുണ്ടായി എന്ന് അറിയിക്കാമോ ?

## ഭക്ഷ്യ സുരക്ഷാ വകുപ്പിലെ പുതിയ തസ്തികകൾ

2747. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത്;

(ബി) പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നിയമനം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെടുന്നവരുടെ സേവനം ജനങ്ങൾക്ക് ഏതെല്ലാം രീതിയിലാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ?

## നെല്ല് സംഭരണത്തിലെ കുടിശ്ശിക

2748. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച വകയിൽ ആലപ്പുഴ ജില്ലയിലെ നെൽ കർഷകർക്ക് എത്ര തുക നൽകുവാനുണ്ട്;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുമ്പോൾ തന്നെ പണം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) നെല്ല് സംഭരണം നടത്തുന്നതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധന

2749. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്തിരുന്ന ഏതെല്ലാം വസ്തുക്കൾക്കാണ് സബ്സിഡി നൽകിയിരുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സബ്സിഡി അനുവദിച്ച ഉല്പന്നങ്ങളിൽ മാറ്റം വരുത്തുകയുണ്ടായോ; ഏതെല്ലാം ഉല്പന്നങ്ങളെയാണ് സബ് സിഡിയിൽ നിന്നും ഒഴിവാക്കിയതെന്നറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നുവോ; ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ സബ്സിഡി നൽകുന്ന ഉല്പന്നങ്ങളുടെ സബ്സിഡി പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കും വർദ്ധിപ്പിച്ച വിലയുടെ നിരക്കും എത്രയെന്ന് അറിയിക്കാമോ?

## ഹൈപ്പർ മാർക്കറ്റുകൾ

2750. ശ്രീ.അൻവർ സാദത്ത്

,, തേറമ്പിൽ രാമകൃഷ്ണൻ

,, വർക്കല കഹാർ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## സപ്ലൈകോ

2751. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ, ഭക്ഷ്യോല്പന്നങ്ങൾ എന്നിവയുടെ 2010-2011 ലെ വിപണി വില 2016 ജനുവരി 31 ലെത്തുമ്പോൾ എത്ര ശതമാനം വർദ്ധിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈക്കോയിലെ പ്രധാന തസ്തികയിലിരിക്കുന്ന ഉദ്യോഗസ്ഥരും കരാറുകാരും ക്വട്ടേഷൻ വഴി ചട്ടവിരുദ്ധമായി കച്ചവടം നടത്തുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(സി) 2015 നവംബർ - ഡിസംബർ മാസത്തിൽ ഉവരപ്പരിപ്പിന്റെയും മുളകിന്റെയും ഇ-ടെൻഡർ അട്ടിമറിച്ച്, ഉയർന്ന നിരക്കിൽ വില രേഖപ്പെടുത്തിയ കരാറുകാരിൽ നിന്നും ചട്ടം ലംഘിച്ച് സപ്ലൈക്കോ നേരിട്ട് സാധനങ്ങൾ വാങ്ങിയ സംഭവം ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സപ്ലൈക്കോയ്ക്ക് എന്തു തുകയുടെ നഷ്ടം സംഭവിച്ചുവെന്നും ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കരാറുകാർ ആരെല്ലാമെന്നു വ്യക്തമാക്കുമോ; പ്രസ്തുത കച്ചവടത്തിൽ

സപ്ലൈകോ വിപണി വിലയെക്കാൾ എത്ര തുക കൂടുതൽ നൽകി; 2015 മാർച്ച് 31 ന ശേഷം ഇപ്രകാരം ഏതൊക്കെ ഭക്ഷ്യസാധനങ്ങളാണ് സപ്ലൈകോ വാങ്ങിയത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സപ്ലൈകോയിൽ ജോലി ചെയ്യുന്നവരിൽ വിജിലൻസ് അന്വേഷണമോ, വകുപ്പുതല അന്വേഷണമോ നേരിടുന്ന എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്നും അവർ ആരെല്ലാമാണെന്നും വിശദമാക്കുമോ; ഓരോരുത്തരും അന്വേഷണം നേരിടുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ജി) സപ്ലൈകോയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും മേൽ പ്രസ്താവിച്ച ഉദ്യോഗസ്ഥ-കരാർ കൂട്ടുകെട്ടിനെ സംബന്ധിച്ചും സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ</u>

2752. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈകോയുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു; അതിൽ ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുകയെത്ര; സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയെത്ര ; വിശദമാക്കാമോ ;

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; വിശദമാക്കാമോ?

<u>സപ്ലൈകോ വഴി വിൽക്കുന്ന അവശ്യ വസ്തുക്കളുടെ വില വർദ്ധന</u>

2753. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിൽക്കുന്ന അവശ്യ വസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഉല്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണ് വർദ്ധനവ്

നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഉൽപന്നങ്ങളുടെ സപ്ലൈകോ വിലയും മാർക്കറ്റ് വിലയും കാണിക്കുന്ന ഒരു പട്ടിക ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്രാമത്തെ തവണയാണ് സപ്ലൈകോ വിതരണം ചെയ്യുന്ന വസ്തുക്കൾക്ക് വില വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

2754. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തു തുകയാണ് വക കൊള്ളിച്ചത്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക എത്രയാണ് ;

(സി) പൊതു കമ്പോളത്തിൽ ഇപ്പോഴും ക്രമാതീതമായി വിലക്കയറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

2755. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യവകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക്കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>വിലക്കയറ്റം</u>

2756. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം തടയുന്നതിനായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരങ്ങൾ (2011 മുതൽ 2016 വരെ) നൽകുമോ ?

## ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ

2757. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾ ഓൺലൈനാക്കുകയും ആധാരങ്ങൾ കമ്പ്യൂട്ടറുകളിൽ തയ്യാറാക്കുകയും ചെയ്യുന്നതിന് മുന്നോടിയായി രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർക്കും ആധാരം എഴുത്തുകാർക്കും നൽകിയ പരിശീലനങ്ങൾ എന്തെല്ലാം ; ഇതുവഴി ഇവരുടെ സംശയങ്ങൾ ദൂരീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും മറ്റുമുള്ള പ്രമാണ രജിസ്ട്രേഷനുകളിൽ കക്ഷികൾ അമിതമായ ഫീസുനൽകേണ്ടതായും വായ്പകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമായുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങൾ

2758. ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
**,,** റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷം എത്രത്തോളം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

2759. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; അതിൽ എത്ര ചെലവഴിച്ചു; എന്തിനെല്ലാം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഉപഭോക്താക്കളിൽ നിന്നും അമിത വില ഈടാക്കിയതിനും മറ്റുമായി ഈ സർക്കാർ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ നിയമനം

2760. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; നിയമനം ലഭിച്ചവരിൽ എത്ര പേർ പ്രസ്തുത ജോലിയിൽ നിന്നും വിട്ടു പോയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; ജോലിയിൽ നിന്നും വിട്ടുപോയ ഒഴിവുകളിലേയ്ക്ക് ഓരോ ജില്ലയിലേയ്ക്കുമുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകളിലേയ്ക്ക് താൽക്കാലികമായി തസ്തിക മരവിപ്പിച്ച ഉത്തരവ് നിലനിൽക്കുന്നുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഓരോ ജില്ലയിലും എത്ര അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ ഒഴിവുകൾ നിലവിലുണ്ട്; ലിസ്റ്റിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ ?

<u>വെള്ളോറയിൽ മാവേലിസ്റ്റോർ</u>

2761. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ വെള്ളോറയിൽ പുതുതായി മാവേലിസ്റ്റോർ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് മാവേലി സ്റ്റോർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം കേരളത്തിനുള്ള ആനുകൂല്യങ്ങൾ</u>

2762. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലായതുമുതൽ കേരളത്തിന് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റം എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;

(സി) ഇപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ ഏതെല്ലാം രീതിയിലാണ് വിനിയോഗിക്കേണ്ടത്;വ്യക്തമാക്കാമോ?

<u>ഏജൻസികളിൽ നിന്നും നേരിട്ട് എടുക്കുന്ന ഗ്യാസിന് ഉപഭോക്താവ് നൽകേണ്ട തുക</u>

2763. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിൽ ഏജൻസികൾ ഗ്യാസ് എത്തിച്ചുകൊടുക്കുമ്പോൾ ഉപഭോക്താവ് ബിൽ തുകയെക്കാൾ എന്ത് തുകയാണ് അധികമായി നൽകേണ്ടത്;

(ബി) ഗ്യാസ് ഉപഭോക്താവ് തന്നെ ഏജൻസികളിൽ നിന്ന് നേരിട്ട് എടുക്കുകയാണെങ്കിൽ ബിൽ തുകയിൽ നിന്ന് എന്ത് തുക കുറച്ചാണ് നൽകേണ്ടത്; വിശദാംശം നൽകുമോ;

(സി) ഗ്യാസ് ഏജൻസികളും ഉപഭോക്താക്കളും തമ്മിൽ ഇക്കാര്യത്തിൽ സ്ഥിരമായി തർക്കം ഉടലെടുക്കുന്നത് പരിഹരിക്കാൻ ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശക

രേഖകൾ ഉപഭോക്താക്കളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുമോ; വിശദാംശം നൽകുമോ?

<u>ഗ്രാമീണമേഖലയിലെ പാചകവാതക വിതരണത്തിലെ അപര്യാപ്തത</u>

2764. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിലെ പാചകവാതക വിതരണത്തിലെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പാചക വാതക വിതരണം സുഗമമാക്കുവാൻ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത കാര്യത്തിൽ നിരന്തര ശ്രദ്ധ ഉണ്ടായിട്ടും സർക്കാർ സംവിധാനത്തിൽ എവിടെയാണ് പാകപ്പിഴകൾ സംഭവിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(ഡി) പാചക വാതക വിതരണത്തിലെ കാലതാമസവും ക്രമക്കേടുകളും അവസാനിപ്പിക്കുന്നതിനും വിതരണം ജനസൗഹൃദമാക്കുന്നതിനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ അധ്യക്ഷനായി പരാതി പരിഹാരസെൽ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; പരാതി പരിഹരിക്കുന്നതിന് എന്തു ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

<u>വെളിച്ചെണ്ണയുടെ ഗുണനിലവാരം</u>

2765. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന പല കമ്പനികളുടെയും വെളിച്ചെണ്ണ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതാണ് എന്ന മാധ്യമവാർത്തകൾ ഭക്ഷ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>ഉപഭോക്തൃ സംരക്ഷണം</u>

2766. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) മലപ്പുറം ഉപഭോക്തൃ കോടതിയിലടക്കമുള്ള ഒഴിവുകൾ നികത്തി ഉപഭോക്തൃ സംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കച്ചവട സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കൽ</u>

2767. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കച്ചവട സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വിലവിവര പട്ടിക സ്ഥാപിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പട്ടിക സ്ഥാപിക്കാൻ കർശന നിർദ്ദേശം നൽകുമോ;

(ബി) ഉപഭോക്തൃ തർക്കവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വിറ്റ സാധനങ്ങൾ തിരിച്ചെടുക്കുന്നതല്ല എന്ന് ബില്ലുകളിൽ എഴുതുന്നതിന് നിയമ സാധുത ഉണ്ടോ; വ്യക്തമാക്കാമോ?

<u>പാചാകവാതക വിതരണം</u>

2768. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേതനവർദ്ധന ആവശ്യപ്പെട്ട് ഉദയംപേരൂർ ഐ.ഒ.സി ബോട്ടിലിങ്ങ് പ്ലാന്റിലെ കരാർ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് സമരം തുടങ്ങിയത് കൊണ്ട് പാചാകവാതക വിതരണം ഏറെക്കുറെ തടസ്സപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളി യൂണിയനുകളുടെ ആവശ്യമെന്താണ്; ഇക്കാര്യത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളുമായി ലേബർ കമ്മീഷൻ ചർച്ച നടത്തിയിരുന്നോ; എന്തൊക്കെ കാര്യങ്ങളാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ കളക്ടർ പ്രസ്തുത വിഷയത്തിൽ എന്ത് നിലപാടാണ്

കൈക്കൊണ്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബോട്ടലിംങ്ങ് പ്ലാന്റിന് അവശ്യ സർവ്വീസ് നിയമമനുസരിച്ച് (എസ്മ) നടപടിയെടുക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

## കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം

2769. ശ്രീ.ആർ . സെൽവരാജ്

,, ലൂഡി ലൂയിസ്

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## റസിഡൻസ് അസോസിയേഷനുകൾ

2770. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റസിഡൻസ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നത് ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള റ്റി. 741/96 നമ്പർ റസിഡൻസ് അസോസിയേഷൻ പ്രവർത്തനക്ഷമമാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത അസോസിയേഷൻ കാലാകാലങ്ങളിൽ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് സ്റ്റേറ്റ്മെന്റും സർക്കാരിന് സമർപ്പിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ</u>

2771. ശ്രീ.വർക്കല കഹാർ

,, വി.ഡി.സതീശൻ

,, കെ.അച്ചുതൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റലാക്കാൻ കർമ്മ പദ്ധതി</u>

2772. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റാലാക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഭൂമിയുടെ ന്യായവില നിർണ്ണയം</u>

2773. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, ബി.ഡി. ദേവസ്സി

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ

സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയം സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ വരുന്നതിനു മുമ്പ് നടന്ന രജിസ്ട്രേഷനുകളിൽ ഭൂമിയുടെ വിലകുറച്ചു കാണിച്ചു എന്നതു സംബന്ധിച്ച നടപടികൾ തുടരുന്നുണ്ടോ; പ്രസ്തുത കേസുകളുടെ എണ്ണവും കാലപ്പഴക്കവും വിശദമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ സർക്കാർ നിശ്ചയിച്ച ഫീസ് അടയ്ക്കാത്തതു മൂലം ജപ്തിനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) നാമമാത്രഭൂമി രജിസ്റ്റർ ചെയ്തവർക്കും ദരിദ്ര കർഷകർക്കും പ്രസ്തുത നടപടികളിൽ നിന്ന് ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ</u>

2774. ശ്രീ.കെ.മുരളീധരൻ

,, ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം</u>

2775. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ആധാരം എഴുത്ത് ഓഫീസുകളെ ഓൺലൈൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലെയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ഷനോട്ടുകൂടിയ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ടോ;

(ഇ) ഓൺലൈനിലൂടെ നൽകുന്ന രേഖകൾ ബാങ്കുകൾ ആധികാരിക രേഖകയായി സ്വീകരിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

## രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ

2776. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിലെ ഏതെല്ലാം സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ ഇനത്തിലും 2011-ന് മുൻപുള്ള നിരക്കും ഇപ്പോഴുള്ള നിരക്കും എത്രയെന്ന് അറിയിക്കാമോ;

(ബി) ഫീസ് വർദ്ധനവിന്റെ ഫലമായി എത്ര രൂപയുടെ അധിക വരുമാനമുണ്ടായെന്ന് വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പിൽ ഓൺ ലൈൻ സർട്ടിഫിക്കറ്റുകൾ

2777. ശ്രീ.വർക്കല കഹാർ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.ഡി.സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സർട്ടിഫിക്കറ്റുകൾ ഓൺ ലൈനിൽ ലഭ്യമാക്കാൻ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>പി.ഡബ്ള്യു .ഡി. വർക്കുകളുടെ ഗുണനിലവാരം</u>

2778. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ള്യു .ഡി. വർക്കുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>റോഡ് നവീകരണവും അറ്റകുറ്റപ്പണികളും</u>

2779. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ആസ്തി വികസന പദ്ധതി</u>

2780. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരം സ്കൂൾ ബസ്സുകൾ വാങ്ങുന്നതടക്കമുള്ള ജോലികൾക്ക് ഭരണാനുമതി നൽകുമ്പോൾ അതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തി നൽകുന്നതെന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ബന്ധപ്പെട്ട വകുപ്പുകൾ പ്രസ്തുത തുക ലഭിക്കാതെയും ടെണ്ടറുകൾ ചെയ്യാനാവാതെയും ബസ്സുകളടക്കമുള്ളത് വാങ്ങാനാകാതെയും വിഷമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് പറയാമോ;

(ബി) ചേർത്തല മണ്ഡലത്തിലെ കോനാട്ടുശ്ശേരി ഗവ.എൽ.പി.സ്കൂൾ, പട്ടണക്കാട് എസ്.സി.യു.ഗവ.വി.എച്ച്.എസ്സ്.എസ്സ്, വയലാർ രാമവർമ്മ മെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലേയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് ഇനിയും ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; ഇപ്രകാരം തുക കൈമാറ്റം ചെയ്യാത്തതുമൂലം സ്കൂളുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## മൂരാട് പാലത്തിൻെറ അപകടാവസ്ഥ

2781. **ശ്രീ.സി.കെ.നാണു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വളരെ പഴക്കം ചെന്ന വടകര കൊയിലാണ്ടി മണ്ഡലങ്ങളുടെ അതിർത്തിയിലുള്ള മൂരാട് പാലം വളരെ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് പുതിയ പാലം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കോങ്ങാട് മണ്ഡലത്തിൽ എസ്.ആർ.ഐ.പി

2782. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഐ.പി യുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കി; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2015-16വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ തെരെഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ വിശദവിവരങ്ങൾ നൽകുമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം കോങ്ങോട് മണ്ഡലത്തിനായി അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ?

വനിതാപോളിടെക്നിക്കിന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് നിർമ്മാണം

2783. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വനിതാപോളിടെക്നിക്കിന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

ഇ-പേയ്മെൻറ്

2784. ശ്രീ.വി.പി.സജീന്ദ്രൻ

,, ബെന്നി ബെഹനാൻ

,, എം.പി.വിൻസെൻറ്

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി വകുപ്പിൽ ഇ-പേയ്മെൻറ് സംവിധാനം ഏർപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഇ-ടെണ്ടെറിംഗ് സംവിധാനം

2785. ശ്രീ.വി.ഡി.സതീശൻ

,, ബെന്നി ബെഹനാൻ

,, ഹൈബി ഈഡൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി വകുപ്പിൽ ഇ-ടെണ്ടെറിംഗ് സംവിധാനം ഏർപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

<u>പാലം പുനർ നിർമ്മാണം</u>

2786. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ തട്ടാരി പാലം പുനർ നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>മോണോ റെയിൽ പദ്ധതി</u>

T 2787. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആസൂത്രണ ബോർഡ് അന്തിമ തീരുമാനം കൈക്കൊണ്ടത് എന്നായിരുന്നു; എത്ര തുകയുടെ പദ്ധതി അടങ്കലാണ് വിഭാവനം ചെയ്തത്;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ?

<u>പാലം നിർമ്മാണം</u>

2788. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ് പാലം നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി ലഭിച്ച പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>അയിലം പാലം നിർമ്മാണം</u>

2789. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കാലങ്ങളേറെയായ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് എന്ത് തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ?

<u>മൻറം പാലം</u>

2790. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-മാനന്തവാടി സ്റ്റേറ്റ് ഹൈവേയിലെ മൻറം പാലം പുനർനിർമ്മിക്കുന്നതിന് ഉള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പുനർനിർമ്മാണം എന്നത്തേക്ക് തുടങ്ങുന്നതിന് സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>കൊല്ലം തേനി റോഡിൽ പതിയിരിക്കുന്ന അപകടങ്ങൾ</u>

2791. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി റോഡിൽ തഴക്കര പഞ്ചായത്തിലെ മാങ്കാംകുഴി-പാറക്കുളങ്ങരയിൽ നിരന്തരമായി അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ റോഡിന്റെ വശങ്ങളിൽ സംരക്ഷണവേലി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സംരക്ഷണവേലി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ചേലക്കര ബൈപ്പാസ് നിർമ്മാണം</u>

2792. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതിക്കു വേണ്ടി ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) വർഷങ്ങൾക്ക് മുൻപ് ഭരണാനുമതി നൽകുകയും ബജറ്റിൽ ഉൾപ്പെടുത്തി

വന്നതുമായ ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് പറയാമോ;

(സി) നിലവിലുള്ള റോഡിൽ വർദ്ധിച്ചുവരുന്ന ഗതാഗത തടസ്സങ്ങളും അപകട മരണങ്ങളും പരിഹരിക്കുന്നതിന്നടപ്പു സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>സംസ്ഥാന റോഡുകളിലെ ഗതാഗതക്കുരുക്ക്</u>

2793. ശ്രീ.റ്റി.യു. കുരുവിള
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൈപ്പാസുകളോ ഫ്ലൈ ഓവറുകളോ അണ്ടർ പാസ്സുകളോ ഇല്ലാത്ത സംസ്ഥാനത്തെ മുഴുവൻ പട്ടണങ്ങളിലും ഇന്ന് ഗതാഗത കുരുക്ക് അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ എല്ലാ റോഡുകളും ഉന്നത നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ചേലക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണ-പുനരുദ്ധാരണ പ്രവൃത്തികൾ</u>

2794. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന റോഡ് നിർമ്മാണ-പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവ ഓരോന്നിനും സ്വീകരിച്ച ടെൻഡർ നടപടികളുടെയും ഭരണാനുമതി , സാങ്കേതികാനുമതി എന്നിവ ലഭിച്ചതെന്നാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എല്ലാ പ്രവർത്തികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ചേലക്കര മണ്ഡലത്തിലെ ബജറ്റ് പ്രവർത്തികൾ</u>

2795. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചേലക്കര മണ്ഡലത്തിൽ ബജറ്റ് പ്രവർത്തികൾ ഉൾപ്പെടെ ഓരോ വർഷവും റോഡുകൾക്കും കെട്ടിടങ്ങൾക്കും വേണ്ടി അനുവദിച്ച തുക എത്രയാണെന്ന് പറയാമോ;

(ബി) പ്രസ്തുത തുകയിൽ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കായംകുളം അസംബ്ലി മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ചുള്ള റോഡ് നിർമ്മാണം

2796. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് ബി എം & ബി സി നിലവാരത്തിൽ എത്ര റോഡുകളാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി എൻ.എച്ച്. ഡിവിഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കായംകുളം മണ്ഡലത്തിലെ ഭഗവതിപ്പടി-കരീലക്കുളങ്ങര ബാക്കാട്ടൂർ റോഡ്, മുക്കട ചൂനാട് റോഡ്, പുതിയിടം-ഗോവിന്ദമുട്ടം-പ്രയാർ റോഡ്, ഗോവിന്ദമുട്ടം-ആല്ലുംപീടിക-പാട്ടുത്തുകടവ് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## കായംകുളം കോടതിക്ക് പുതിയ കെട്ടിട സമുച്ചയം

2797. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കോടതിക്ക് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## നീലേശ്വം പള്ളിക്കര മേൽപ്പാലം നിർമ്മാണം

2798. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 ലെ നീലേശ്വം പള്ളിക്കര മേൽപ്പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

മെക്കാഡം റോഡുകളുടെ ആയുർദൈർഘ്യം

2799. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെക്കാഡം റോഡുകളുടെ കാലാവധി എത്രയെന്നും ഇതിനായി ചെലവഴിക്കുന്ന തുകയുടെ വർദ്ധനവിന് അനുസൃതമായി ഈ പ്രവൃത്തി ഈടു നിൽക്കുന്നതാണോ എന്നും വ്യക്തമാക്കാമോ?

തലശ്ശേരി-അഞ്ചരക്കണ്ടി റോഡിലെ ചേങ്ങപ്പാലം പുനർനിർമ്മാണം

2800. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-അഞ്ചരക്കണ്ടി റോഡിലെ ചേങ്ങപ്പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നീലേശ്വരം പുഴ, കാര്യങ്കോട് പുഴ എന്നിവയ്ക്ക് കുറുകെയുള്ള പാലം

2801. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 - ൽ നീലേശ്വരം പുഴ, കാര്യങ്കോട് പുഴ എന്നിവയ്ക്ക് കുറുകെയുള്ള പാലങ്ങളുടെ കാലാവധി തീർന്നതാണോ;എങ്കിൽ എന്നാണ് തീർന്നതെന്ന് പറയാമോ;

(ബി) പാലങ്ങളുടെ അപകടാവസ്ഥ കണക്കിലെടുത്ത് പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സാങ്കേതിക അനുമതി ലഭിച്ച റോഡുകൾ

2802. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച മേജർ ജില്ലാ റോഡുകളായ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച്റോഡ്, വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം, മേത്തുരമ്പ - ചപ്പാരപ്പടവ് - കുറ്റൂർ, പാടിയോട്ടുചാൽ - തട്ടുമ്മൽ, ചെറുതാഴം - കുറ്റൂർ - പെരിങ്ങോം എന്നിവക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മേൽ റോഡുകളുടെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>നായരമ്പലം നെട്ടുങ്ങാട് പള്ളിപ്പാലം നിർമ്മാണം</u>

2803. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെട്ടുങ്ങാട് പള്ളിപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>വൈശ്യഭാഗം പാലത്തിന്റെ നിർമ്മാണം</u>

2804. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ കഞ്ഞിപ്പാടം വൈശ്യഭാഗം പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പാലം നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്; പാലം പണിക്കായി ഇതുവരെ എന്തു തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

<u>കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

2805. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പ്ലാൻ ,നോൺപ്ലാൻ, മറ്റ് ഫണ്ടുകൾ എന്നിവയുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.എൽ.റ്റി.എഫ്, ധനകാര്യ കമ്മിഷൻ അവാർഡ് എന്നിവയിൽ ഉൾപ്പെടുത്തി

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

## കാസർകോട് - കാഞ്ഞങ്ങാട് റോഡ് നിർമ്മാണം

2806. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് - കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് പറയാമോ;

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം എന്തൊക്കെയാണെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരത്തിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെയും അനുബന്ധരേഖകളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ?

## എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണം

2807. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്നത്

2808. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് -പാലക്കാട് റോഡിൽ കൊണ്ടോടി പഴങ്ങാടി ഭാഗത്തെ റോഡ് വീതി കൂട്ടുന്നതിനായി എടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭരണാനുമതി എൽ.എ.2/50185/2010 തീയതി 01.10.2015 ന് മലപ്പുറം

ജില്ലാ കലക്ടറുടെ കത്ത് സഹിതം ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അയച്ചതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി) നഷ്ടപരിഹാരം ലഭിക്കാനുള്ളവർക്ക് ആയത് നൽകാനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കാസർഗോഡ് പെരിയയിൽ റസ്റ്റ്ഹൗസ്</u>

2809. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ പൊതുമരാമത്തു വകുപ്പ് റസ്റ്റ്ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നം..10912/ഇ3/2013/PWD നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

2810. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിന്മേൽ പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>മായന്നൂർ- കുത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതി</u>

2811. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ മായന്നൂർ- കുത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതിക്ക് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുകയും വീണ്ടും പുതുക്കിയ

ഭരണാനുമതിക്ക് വേണ്ടി ഡി.പി.ആർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പ് തന്നിട്ടുള്ള വിവരം ശ്രദ്ധയിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

<u>പണയിൽകടവ് പാലം അപ്രോച്ച് റോഡ്</u>

2812. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനു ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് ലഭ്യമാക്കി ഇറങ്ങിയ ഉത്തരവിന്മേൽ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പാലം നിർമ്മാണം കഴിഞ്ഞ് ദശാബ്ദത്തിലേറെയായിട്ടും അപ്രോച്ച് റോഡ് നിർമ്മാണം നടക്കാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>അമിനിറ്റീസ് സെന്ററും ബസ്സ്ഷെൽട്ടറും</u>

2813. **ശ്രീ.ടി.എൻ. പ്രതാപൻ**

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററും ആധുനിക ബസ്സ് ഷെൽട്ടറും നിർമ്മിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>പള്ളിപ്പുറം കോൺവെന്റ് ബീച്ച്പാലം</u>

2814. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി

2815. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മാടായി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കെട്ടിടം, മാടായി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കെട്ടിടം, ഏഴോം വെൽഫെയർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം, മാട്ടൂൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കെട്ടിടം എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഇവയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും; വിശദാംശം നൽകുമോ?

ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ

2816. ശ്രീ.ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ ,ഗേറ്റ് എന്നിവ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടി ക്വാർട്ടേഴ്സ് കോമ്പൗണ്ടുകളിൽ നിൽക്കുന്ന പാഴ് വൃക്ഷങ്ങൾ ഒഴിവാക്കി പകരം ഔഷധ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗേറ്റുകൾക്കു സമീപം ക്യാറ്റിൽ ട്രാപ്പുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തി.

2817. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം നർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചു; ഓരോന്നിന്റെയും വിശദാംശം, സർക്കാർ ഉത്തരവ്,അനുവദിച്ച തുക, ഓരോ പ്രവർത്തിയുടെയും കാലിക സ്ഥിതി എന്നിവ വ്യക്തമാക്കാമോ ?

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതി</u>

2818. ശ്രീ.വർക്കല കഹാർ

,, എ.റ്റി.ജോർജ്

,, അൻവർ സാദത്ത്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>മക്കരപ്പറമ്പ് ബൈപ്പാസ്</u>

2819. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 966-ൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മക്കരപ്പറമ്പ് ജംഗ്ഷനിലെ തിരക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>കാഞ്ഞങ്ങാട് നഗരത്തിലെ കെ. എസ്. ടി. പി. റോഡ് നിർമ്മാണം</u>

2820. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാതയിൽ കെ. എസ്. ടി. പി. നടത്തുന്ന നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാതെ ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാഞ്ഞങ്ങാട് നഗരത്തിൽ കെ.എസ്.ടി. പി. റോഡ് നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാലം</u>

2821. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാല നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലം എന്ന് തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## <u>പാതയോരങ്ങളിലെ കാത്തിരുപ്പ് കേന്ദ്രങ്ങൾ</u>

2822. **ശ്രീ.കെ.ബി.ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ എം.എൽ.എമാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തി കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഏജൻസി ഇതുവരെ എത്ര കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒരു കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിനായി ഈ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇതിലും കുറഞ്ഞ തുകയിൽ മറ്റേതെങ്കിലും സംസ്ഥാന അംഗീകൃത ഏജൻസിയെ കൊണ്ട് നിർമ്മാണം പൂർത്തിയാക്കുന്നതിൽ തടസ്സമുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ ?

## <u>തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ</u>

2823. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16ലെ ബഡ്ജറ്റിൽ 25000 കോടി രൂപ മുതൽ മുടക്കിൽ പ്രഖ്യാപിച്ചിരുന്ന അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയ്ക്കായി ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് പറയാമോ;

(ബി) ലൈറ്റ് മെട്രോയുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എവിടെയെങ്കിലും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) അതിനായി പൊതു വിപണിയിൽ നിന്ന് പണം ശേഖരിക്കുകയോ, ഉപയോഗിക്കുകയോ ചെയ്തിട്ടുണ്ടോ;വ്യക്തമാക്കാമോ?

<u>പാപ്പിനിശ്ശേരി പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി</u>

2824. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പാപ്പിനിശ്ശേരി, താവം മേൽപ്പാലങ്ങളുടെ പ്രവൃത്തി നടന്നുവരുന്നതിനാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ മൂന്നു വർഷത്തോളമായി അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; പാലത്തിന്റെ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെയായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്?

<u>പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം</u>

2825. ശ്രീ.സി.പി.മുഹമ്മദ്
,, എം.എ. വാഹീദ്
,, പി.സി വിഷ്ണുനാഥ്
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽഎന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കുട്ടുവാതുക്കൽ കടവ് പാലം</u>

2826. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടുവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>പള്ളിക്കമണ്ണടിപാലം നിർമ്മാണം</u>

2827. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടിപാലം നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണ്;

(ബി) അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിലേക്ക് ആവശ്യമായ രേഖകൾ പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് നൽകിയിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകാതെ പാലങ്ങൾ നിർമ്മിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇപ്രകാരം ഭൂമിഏറ്റെടുത്ത് നൽകാതെ കേരളത്തിൽ ഏതെങ്കിലും പാലങ്ങൾ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നിർമ്മിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
10-02-2016

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.